
VOL NO: 03 | ISSUE 20

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 MAY 18 | ₹12



## നോമ്പോർമയുടെ ലോകാനുഭവങ്ങൾ

പുണ്യങ്ങളുടെ പൂക്കാലമായ റമദാൻ ഒരിക്കൽ കൂടി സമാഗതമായിരിക്കുകയാണ്. ലോകത്തിന്റെ ഏത് കോണിലായാലും ആത്മസംസ്കരണത്തിന്റെ അനിർവചനീയമായ അനുഭൂതിയാണ് വിശ്വാസികൾക്ക് ഓരോ റമദാനും സമ്മാനിക്കുന്നത്. ജോലിയാവശ്യാർഥവും ഉപരിപഠനത്തിനുമായി അന്യ രാജ്യങ്ങളിൽ ചേക്കേറിയ പ്രവാസിമലയാളികൾ അവരുടെ നോമ്പനുഭവങ്ങൾ വായനക്കാരുമായി പങ്കു വെക്കുന്നു.

# മുഖാവരണ നിരോധനം ഫാസിസത്തിന്റെ കാണാപ്പുറം

മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണത്തിനെ കുറിച്ച പൊതുസമൂഹത്തിന്റെ 'ആകുലതകൾക്ക്' കാലങ്ങളുടെ പഴക്കമുണ്ട്. യുക്തിവാദികൾ തുടങ്ങി വെച്ച ഈ ആരോപണം തീവ്ര ചിന്താഗതി വെച്ച് പുലർത്തുന്ന പല സംഘടനകളും പിന്നീട് ഏറ്റുപിടിച്ചു. എന്നാൽ സമുദായത്തിനകത്തു നിന്ന് തന്നെ ഒരു കോടാലിക്കൈ ഇപ്പോൾ മുസ്‌ലിം സ്ത്രീകളുടെ മൂടുപടത്തിനെതിരെ രംഗത്ത് വന്നിരിക്കുകയാണ്. എന്താണ് നിഖാബിന്റെ യഥാർഥ പ്രശ്നം? ആരൊക്കെയാണ് പുതിയ വിവാദത്തിൽ വിതയ്ക്കുന്നത്; കൊയ്യുന്നത്?

|| വ്രതത്തെ തിന്മകളെ തടുക്കുന്ന പരിചയാക്കുക

|| റമദാനിലെ നന്മയുടെ കവാടങ്ങൾ

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0122 / 2019 മെയ് 18 / 1440 റമദാൻ 03 / പുസ്തകം 03 / ലക്കം 20



# മുഖാവരണ നിരോധനം ഫാസിസത്തിന്റെ കാണാപ്പുറം

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

വ്രതത്തെ തിന്മകളെ തടുക്കുന്ന പരിചയാക്കുക / 05
എഡിറ്റർ

**ചരിത്രപഥം**

ഈസാ നബി عليه السلام യുടെ പുനരാഗമനം / 15
ഹുസൈൻ സലഫി, ഷാർജ

**കാഴ്ച**

വ്രതകാല വഴിയോരക്കാഴ്ചകൾ / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

നോമ്പോർമയുടെ ലോകാനുഭവങ്ങൾ / 06
ഷാമില തിരുതാലമ്മൽ സൗത്ത് കൊറിയ

താങ്കൾ ക്വുർആൻ പഠിക്കുന്നുണ്ടോ? / 18
മുഹമ്മദ് ശാഫി ഒറ്റപ്പാലം, ജാമിഅ അൽഹിന്ദ്


പ്രവാചകന്റെ പലായനം / 21
ഫദ്‌ലുൽ ഹഖ് ഉമരി

റമദാനിലെ നന്മയുടെ കവാടങ്ങൾ / 26
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

ഇൽഫതുൽ ഇസ്‌ലാം: നവോത്ഥാനത്തിന്റെ ജീവശക്തി / 29
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 9207525244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



## നിഖാബും വ്യക്തിസ്വാതന്ത്ര്യവും

പർദയും നിഖാബും സമൂഹത്തിൽ വീണ്ടും ചർച്ചയാവുമ്പോൾ പഴയ ഉമ്മമാരുടെ വസ്ത്രം പൊക്കിപ്പിടിച്ചു വരുന്ന സമുദായത്തിലെ തന്നെ ചില അഭിനവ 'കമ്യൂണിസ്റ്റു'കളുണ്ട്. എന്നിട്ട് അവരുടെ ഭക്തിയെ കുറിച്ചും വസ്ത്രത്തെ കുറിച്ചുമൊക്കെ വാചാലരാവും. അത്തരക്കാരോട് ഒരു വാക്ക്. മുസ്‌ലിം സ്ത്രീ മാന്യമായ വസ്ത്രമാണ് എല്ലാക്കാലത്തും ധരിച്ചിട്ടുള്ളത്. വസ്ത്രം മാന്യമാകണം എന്നേ ഉള്ളൂ. അത് പർദയാവണം എന്ന് നിർബന്ധമില്ല. പർദ, ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ഹിജാബ് സങ്കൽപത്തിനുള്ളിൽ നിൽക്കുന്ന ഒരു വസ്ത്രം മാത്രമാണ്. പർദക്കെതിരിൽ മുറവിളി കൂട്ടുന്നവരുടെ ലക്ഷ്യം ഇസ്‌ലാമിക വസ്ത്ര സങ്കൽപമാണ് എന്ന് തിരിച്ചറിഞ്ഞിട്ട് വേണം ഇത്തരം ഫോട്ടോകളൊക്കെ പൊക്കിപ്പിടിച്ചു വരാൻ. അതല്ല 'നവോത്ഥാന' നായക പരിവേഷമാണ് ലക്ഷ്യമെങ്കിൽ മറുത്തൊന്നും പറയാനില്ല. അങ്ങനെയെങ്കിൽ ഗൂഗിളിൽ തിരഞ്ഞു മുസ്‌ലിം പേരുള്ള എല്ലാവരുടെയും വസ്ത്രം ശേഖരിച്ചു വെക്കുക. ഉപയോഗം വരും. അല്ലെങ്കിലും ആളുകൾ എന്ത് ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ ഇസ്‌ലാമിനെ മനസ്സിലാക്കേണ്ടത്..!

മുഖം മറക്കൽ നിർബന്ധമെന്ന ഇസ്‌ലാമിക വൈജ്ഞാനിക വൃത്തത്തിലെ അഭിപ്രായത്തോട് എനിക്ക് വിയോജിപ്പുണ്ട്. ആ വിയോജിപ്പ് അത് ശരിയാണോ തെറ്റാണോ എന്ന എന്റെ തോന്നൽ കൊണ്ടുണ്ടായതല്ല. പ്രാമാണികമായി അതിനെ അങ്ങനെ മനസ്സിലാക്കാൻ എനിക്ക് സാധിച്ചിട്ടില്ലാത്തത് കൊണ്ടാണ്. പക്ഷേ, മുഖം മറക്കണം എന്ന സ്ത്രീ സ്വാതന്ത്ര്യത്തിനെതിരെ നിൽക്കാൻ നമുക്ക് എങ്ങനെ കഴിയും? അതൊരു വ്യക്തിസ്വാതന്ത്ര്യമായി അനുവദിച്ചു കൊടുക്കുകയാണ് ഒരു ജനാധിപത്യ സമൂഹം ചെയ്യേണ്ടത്. മുഖം മറക്കൽ ഐഡന്റിറ്റിയെ റദ്ദ് ചെയ്യുമെന്ന അഭിപ്രായത്തോടും യോജിക്കാൻ കഴിയില്ല. ഒരാളുടെ ഐഡന്റിറ്റി എല്ലായിടത്തും തുറന്നു കാണിക്കണമെന്ന നിയമമില്ലല്ലോ. അതും വ്യക്തിസ്വാതന്ത്ര്യം തന്നെയാണ്. ഇടപഴകുന്ന ആളുകളോട് തന്നെ ഐഡന്റിറ്റി വെളിപ്പെടുത്തണോ വേണ്ടയോ എന്ന് നിശ്ചയിക്കേണ്ടത് വ്യക്തി തന്നെയാണ്. വെളിപ്പെടുത്തൽ നിയമമായി നിലനിൽക്കുന്നിടത്ത് മുഖം മറക്കൽ ഒരു പ്രശ്നമായി ഇതുവരെ ഉയർത്തക്കാണിക്കപ്പെട്ടിട്ടുമില്ല എന്നാണെന്റെ മനസ്സിലാക്കൽ..!

**-അബൂ ആസിയ**

## റമദാനും സോഷ്യൽ മീഡിയയും

അല്ലാഹുവിന്റെ മഹത്തായ അനഗ്രഹത്താൽ ഒരു റമദാൻ കൂടി കടന്നുവന്നിരിക്കുകയാണ്. വിശ്വാസികൾ ആത്മവിശുദ്ധിയുടെ നല്ല നാളുകൾ സ്വപ്നം കണ്ടു കഴിയുന്ന ഈ ധന്യമുഹൂർത്തത്തിൽ സോഷ്യൽ മീഡിയയുടെ തടവറയിൽ കിടന്നുഴലുകയാണ് കുറെയേറെ ചെറുപ്പക്കാർ!

സാമൂഹിക ദുരന്തങ്ങൾ ഏറെ കണ്ടവരാണ് നാം. എന്നാൽ സാമൂഹിക മീഡിയ ഇത്ര കണ്ട് ദുരന്തം വിതച്ച നാളുകൾ ലോകത്ത് ഇതിന് മുൻപ് കടന്നു പോയിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. അത്ര മാത്രം മനുഷ്യരുടെ സമയം അപഹരിച്ചു കളയുന്നു ഇന്ന് സോഷ്യൽ മീഡിയ. പരിശുദ്ധ റമദാനിന്റെ പകലിരവുകളിൽ മൊബൈൽ സ്ക്രീനിൽ തോണ്ടിക്കൊണ്ടും അന്യരെ ട്രോളിക്കൊണ്ടും സമയം കഴിച്ചുകൂട്ടുന്ന യുവതലമുറയുടെ ധൈഷണിക രാഹിത്യത്തെ കുറിച്ച് ആകുലപ്പെടാനല്ലാതെ മറ്റെന്തു ചെയ്യാൻ!

സമൂഹവും സമുദായവും മാറ്റത്തിന് വേണ്ടി അഭിലഷിച്ചു കൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ നിർമാണാത്മകമായ പ്രവർത്തനത്തിലൂടെ ഇഹവും പരവും കൈപ്പിടിയിലൊതുക്കാൻ നമുക്കാവണം. അതിന് പ്രപഞ്ചനാഥൻ അനുഗ്രഹിക്കട്ടെ.

**-റബീഅ് തുവക്കാട്**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വ്രതത്തെ തിന്മകളെ തടുക്കുന്ന പരിചയാക്കുക

വ്യക്തിയെ സ്വയംനിയന്ത്രണത്തിന് പാത്രമാക്കുകയും മ്ലേഛമായ സ്വഭാവങ്ങളിൽ നിന്ന് മുക്തമാക്കുകയും ചെയ്യുക എന്ന ഉന്നതമായ ലക്ഷ്യത്തിനുതകുന്ന രീതിയിലായിരിക്കണം ഒരാൾ വ്രതമനുഷ്ഠിക്കേണ്ടത്. വ്രതമനുഷ്ഠിക്കുന്നയാൾ ചീത്ത വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും പൂർണമായി മുക്തനായിരിക്കണം. അതില്ലാത്ത നോമ്പ് വ്യർഥമാണ്.

നിത്യേന നാം കേട്ടുകൊണ്ടിരിക്കുന്ന ഒരുപാട് അതിക്രമങ്ങളുടെ വാർത്തകൾക്കു കാരണം ദേഹേച്ഛകളുടെ പിന്നാലെയുള്ള കുതിച്ചോട്ടമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ശക്തമായ ദൈവിക ബോധത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചെറിഞ്ഞ് ദേഹേച്ഛകളുടെ പിന്നാലെ കുതിച്ചാൽ അപകടങ്ങളിലും അബദ്ധങ്ങളിലുമായിരിക്കും എത്തിച്ചേരുകയെന്ന് വിശുദ്ധ ക്വുർആൻ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

“സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. അല്ല, അവർക്കുള്ള ഉൽബോധനവും കൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നിരിക്കുന്നത്. എന്നിട്ട് അവർ തങ്ങൾക്കുള്ള ഉൽബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുകയാകുന്നു” (23:71).

സത്യം ബോധ്യപ്പെട്ടിട്ടും സത്യപ്രവാചകനായ മുഹമ്മദ് നബിﷺയെ തിരിച്ചറിഞ്ഞിട്ടും വേദത്തിന്റെ ആളുകളടക്കമുള്ളവരെ ആ സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടഞ്ഞത് ദേഹേച്ഛകളാണെന്ന് ക്വുർആൻ ഉണർത്തുന്നു:

“ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച” (28:50).

അതിനാൽ ദേഹേച്ഛകളെ നിയന്ത്രിക്കൽ അനിവാര്യമാണ്. ജീവിത വിജയത്തിന് അത് കൂടിയേ തീരൂ. അത്തരത്തിലുള്ളൊരു നിയന്ത്രണം സാധിതമാകുന്ന മഹത്തായൊരു ആരാധനയാണ് വ്രതം. വികാര വിചാരങ്ങളും വിശപ്പും ദാഹവുമൊക്കെ നിയന്ത്രിച്ച് ശരീരത്തെയും മനസ്സിനെയും ശക്തമായി മെരുക്കിയെടുക്കാൻ വ്രതം സഹായിക്കുന്നു. വിശപ്പും ദാഹവുമുണ്ടായിട്ടും രുചികരമായ ഭക്ഷണ പാനീയങ്ങൾ സുലഭമായിട്ടും സത്യവിശ്വാസി വ്രതനാളുകളിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഒരു തുള്ളി വെള്ളം പോലും കുടിക്കുന്നില്ല; ഒരു പിടി ഭക്ഷണം പോലും കഴിക്കുന്നില്ല. മനസ്സിന്റെ കൊതികൾക്കെല്ലാം അയാൾ കടിഞ്ഞാണിടുന്നു. എല്ലാം സർവലോക പരിപാലകനായ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി. അങ്ങനെയുള്ള ആത്മനിയന്ത്രണം നോമ്പിലൂടെ നേടിയെടുക്കുവാൻ സാധിച്ചാൽ ആ നോമ്പ് സാർഥകമായിത്തീരുന്നു.

നരകശിക്ഷയിൽ നിന്നുള്ള രക്ഷക്കായി എല്ലാവിധ തിന്മകളിൽ നിന്നും മനസ്സിനെ നിയന്ത്രിച്ച് നിർത്തുന്ന രക്ഷാകവചമാണ് വിശ്വാസികൾ അനുഷ്ഠിക്കുന്ന വ്രതം. നബിﷺ പറഞ്ഞു: “നോമ്പ് ഒരു പരിചയാണ്. സത്യവിശ്വാസി അതുമുഖേന നരകത്തെ പ്രതിരോധിക്കുന്നു”(അഹ്മദ്)

ഈ തിരിച്ചറിവോടെ റമദാനിന്റെ രാപകലുകളെ ഉപയോഗപ്പെടുത്തുവാനും തുടർന്നുള്ള ജീവിതത്തിൽ അതിന്റെ ചൈതന്യം നിലനിർത്തുവാനും സാധിക്കേണ്ടതുണ്ട്. അപ്പോഴാണ് വിശുദ്ധ ക്വുർആൻ 2:183ൽ പറഞ്ഞ ‘ദോഷബാധയെ സൂക്ഷിക്കുക’ എന്ന ലക്ഷ്യം നേടിയെന്ന് ആശ്വസിക്കാൻ കഴിയുക. ●




# നോമ്പോർമയുടെ ലോകാനുഭവങ്ങൾ

**ക്രോഡീകരണം: ഷാമില തിരുതാലമ്മൽ, സൗത്ത് കൊറിയ**

**പു**ണ്യങ്ങളുടെ പൂക്കാലമായ റമദാൻ ഒരിക്കൽ കൂടി സമാഗതമായിരിക്കുകയാണ്. ആത്മസംസ്കരണത്തിന്റെ ദിനരാത്രങ്ങളിലൂടെ അനിർവചനീയമായ അനുഭൂതിയുടെ അനുഭവങ്ങളാണ് വിശ്വാസികൾക്ക് ഓരോ റമദാനും നൽകുന്നത്. വിശുദ്ധ ക്വുർആനിന്റെയും പ്രവാചക അധ്യാപനങ്ങളുടെയും പ്രകാശപൂരിത വഴിയിൽ അചഞ്ചലമായി സഞ്ചരിക്കാനുള്ള പരിശീലനമാണ് ഇനി.

നമ്മുടെ നാട്ടിലെ പള്ളികളും വീടുകളും റമദാനിനു മുമ്പുതന്നെ വൃത്തിയാക്കിയും പെയിന്റ് ചെയ്തും ഭംഗിയാക്കിക്കഴിഞ്ഞു. പല പള്ളികളിലും പഴയ കാർപ്പെറ്റുകളും പായകളും മാറ്റി പുതിയത് വിരിച്ചു. മധുരമൂറുന്ന ശബ്ദത്തിൽ ക്വുർആൻ പാരായണം ചെയ്തുള്ള സുദീർഘമായ തറാവീഹ് നമസ്കാരവും ഹൃദയസ്പർശിയായ ക്വുർആൻ ക്ലാസുകളും കൊണ്ട് നമ്മുടെ നാട്ടിലെ പള്ളികൾ ധന്യമാണ്.

ഇതൊക്കെ നമുക്കറിയാവുന്ന, നമ്മുടെ നാട്ടിലെ വിശേഷങ്ങൾ. എന്നാൽ ലോകത്തിന്റെ വിവിധ ദിക്കുകളിൽ വിവിധ സംസ്കാരങ്ങൾക്കും വൈവിധ്യങ്ങൾക്കുമിടയിൽ ജീവിക്കുന്ന മുസ്‌ലിം ജനതയുടെ റമദാൻ വിശേഷങ്ങൾ അറിയാൻ നമുക്ക് കൗതുകവും താൽപര്യവും കാണും.

ഭാഷയുടെയും സംസ്കാരത്തിന്റെയും വൈവിധ്യങ്ങൾക്കിടയിലും ഇസ്‌ലാമിന്റെ അന്തഃസത്ത ഒന്നു തന്നെ എന്ന് വിളിച്ചോതുന്ന അനുഭവസാക്ഷ്യങ്ങൾ വിവരിക്കുകയാണ് അവിടങ്ങളിലെ പ്രവാസികളായ മലയാളികൾ.

## ഉഗാണ്ട
## അസി ആലം (യു.എൻ. സീനിയർ മാനേജ്മെൻറ് സ്റ്റാഫ്)

**ഈ**ദി അമീൻ എന്ന ഭരണാധികാരിയിലൂടെയായിരിക്കും ഒരുപക്ഷേ, നാം ഉഗാണ്ടയെ അറിയുന്നത്. മാധ്യമങ്ങളിൽ പലപ്പോഴും ഈദി അമീന്റെ ഭരണകാലഘട്ടം (1971–1979) മോശമായി ചിത്രീകരിക്കപ്പെടാറുണ്ട്. എന്നാൽ ഉഗാണ്ടയിലെ ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് ഈ ഭരണാധികാരിയുടെ കാലഘട്ടത്തിലാണ് പല നേട്ടങ്ങളും അവർക്ക് ഉണ്ടായതെന്നാണ്. പല വിദേശ കുടിയേറ്റക്കാരെയും രാജ്യത്ത് നിന്നും പുറത്താക്കിയതുമായി ബന്ധപ്പെട്ട വിഷയങ്ങളെ തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ പരിണിത ഫലമായി ഈദി അമീൻ സുഊദി അറേബ്യയിൽ രാഷ്ട്രീയ അഭയം തേടുകയാണ് ഉണ്ടായത്. ഉഗാണ്ടയിൽ ഒട്ടേറെ പള്ളികൾ ഉണ്ടെങ്കിലും മിക്കതിന്റെയും അവസ്ഥ വളരെ ശോചനീയമാണ്. ഉൾനാടുകളിൽ മുളകളും ചെളിയും ഉപയോഗിച്ചുകൊണ്ട് നിർമിച്ച ചെറിയ വീടുകളിലാണ് സാധാരണക്കാരായ ആളുകൾ താമസിക്കുന്നത്. കൊടിയ ദാരിദ്ര്യത്തിലാണെങ്കിലും തങ്ങൾക്ക് ലഭിക്കുന്ന തുച്ഛമായ വരുമാനംകൊണ്ട് വളരെ സന്തോഷത്തോടു കൂടിയാണ് അവർ ജീവിച്ചുപോരുന്നത്. വികസിത രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പോലും അവരുടെ ആത്മഹത്യാനിരക്ക് വളരെ കുറവായി കാണുന്നത് അതിന് അടിവരയിടുന്നു.

ഉഗാണ്ടയിലെ ജനങ്ങൾ ഇസ്‌ലാമിക ജീവിതത്തിൽ നമ്മുടെ നാടുകളിൽ ഉള്ളവരെക്കാൾ കൂടുതൽ നിഷ്ഠപുലർത്തുന്നവരായിട്ടാണ് കാണപ്പെടുന്നത്. പല പള്ളികളിലും ഇമാമുമാർക്ക് പ്രത്യേകം ശമ്പളം കൊടുക്കാറില്ല. പള്ളികളിൽ നമസ്കാരത്തിനു വരുന്നവർ സംഭാവനകളായി നൽകുന്നത് കൊണ്ടാണ് അവർ ജീവിക്കുന്നത്. പള്ളികളിലെ മതപഠന ക്ലാസുകളിൽ ഗവൺമെന്റ് ചാരന്മാരുടെ സാന്നിധ്യം ഉണ്ടാവാറുണ്ട്. സ്വൽപം മുസ്‌ലിം ഭീതി ഗവൺമെന്റിന് ഉണ്ടെന്നു പറയാം. പത്തൊൻപതാം നൂറ്റാണ്ടിലാണ് ക്രിസ്തു മതവും ഇസ്‌ലാം മതവും ഉഗാണ്ടയിൽ പ്രചരിക്കാൻ ആരംഭിച്ചത്. 1968ലെ സെൻസസ് അനുസരിച്ച് 60% ക്രൈസ്തവർ, 10% മുസ്‌ലിംകൾ, 30% പാരമ്പര്യ മതവിശ്വാസികൾ എന്നിങ്ങനെയാണ് കണക്ക്. സെൻസസിൽ ഇങ്ങനെയാണെങ്കിലും 50 ശതമാനം മുസ്‌ലിംകൾ ഉഗാണ്ടയിൽ ഉണ്ടെന്നാണ് അനുമാനം. അതിശക്തമായ ചൂടും ദാരിദ്ര്യവും ഉഗാണ്ടയിലെ നോമ്പിന്റെ കാഠിന്യം വർധിപ്പിക്കുന്നു.

## ജപ്പാൻ
## ഹാഷിം (ടോക്കിയോ യൂണിവേഴ്സിറ്റിയിലെ സയന്റിസ്റ്റ്)

**മു**സ്‌ലിം ജനസംഖ്യ ഒരു ശതമാനത്തിൽ താഴെയാണെങ്കിലും ഇസ്‌ലാമിക വ്യക്തിത്വം പൂർണമായി പാലിച്ചുകൊണ്ടുതന്നെ ജീവിക്കാനുള്ള സ്വാതന്ത്ര്യം ജപ്പാനിൽ ഉണ്ട്. എന്നാൽ ജപ്പാൻ ജനത പൊതുവെ മതപരമായ ജീവിതരീതി പിന്തുടരുന്നവരോ സാമൂഹിക ഇടപെടലുകൾ നടത്തുന്നതിൽ തൽപരരോ അല്ല. പാരമ്പര്യമായി ബുദ്ധമത വിശ്വാസികളാണെങ്കിലും ആരാധനാ കാര്യങ്ങളിൽ തൽപരരല്ലാത്തവരാണ് പുതുതലമുറ.

ജപ്പാൻ വംശജരായ മുസ്‌ലിംകളുടെ എണ്ണം തുലോം തുച്ഛമാണെങ്കിലും മറ്റു രാഷ്ട്രങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരായ മുസ്‌ലിംകളെ പലയിടങ്ങളിലും കാണാൻ സാധിക്കും. മുപ്പതോ നാൽപതോ വർഷങ്ങൾക്കു മുമ്പ് വലിയ നഗരങ്ങളിൽ മാത്രം ഓരോ പള്ളി വീതം ഉണ്ടായിരുന്ന അവസ്ഥ മാറി. ഇപ്പോൾ ടോക്കിയോയിൽ മാത്രം പത്ത് വലിയ പള്ളികൾ ഉണ്ട്. ഇത് അവിടത്തെ മുസ്‌ലിം ജനസംഖ്യയുടെ വർധനവ് അറിയിക്കുന്നു. അത്കൊണ്ടായിരിക്കണം അനേകം 'ഹലാൽ' റസ്റ്റോറന്റുകൾ നമുക്ക് പലയിടങ്ങളിലും കാണാൻ സാധിക്കുന്നത്. മിക്കതും കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് തുടങ്ങിയതാണെന്നതാണ് ഏറെ ശ്രദ്ധേയം.

പലയിടങ്ങളിലും ഇഫ്താർ മീറ്റുകൾ സംഘടിപ്പിക്കാറുണ്ട്. പൊതു ഇടങ്ങളിൽ പ്രബോധന പരിപാടികൾക്ക് നിയന്ത്രണമുണ്ടെങ്കിലും സാംസ്കാരിക സംഗമം എന്ന രീതിയിൽ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ടോക്കിയോ യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാമിക കൂട്ടായ്മയായ TUICS വലിയ രീതിയിൽ തന്നെ ഇഫ്താർ സംഗമങ്ങൾ ഒരുക്കാറുണ്ട്. പരിപാടിയിലേക്ക് അമുസ്‌ലിംകളെ കൂടി ക്ഷണിക്കുന്നത് കൊണ്ട് അവർക്ക് നോമ്പിനെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും കൂടുതലറിയാൻ സാഹചര്യമൊരുങ്ങുന്നു. ജപ്പാൻ വിദ്യാർഥികൾ ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിക സംസ്കാരത്തെക്കുറിച്ചും അടുത്തറിയാൻ പള്ളികൾ സന്ദർശിക്കാറുണ്ട്. പള്ളിയോടു ചേർന്ന് ഒരു ഇന്റർനാഷണൽ ഇസ്‌ലാമിക് സ്കൂൾ രണ്ടുവർഷമായി പ്രവർത്തിച്ചുവരുന്നു. ഭൗതികവും ഇസ്‌ലാമികവുമായ അറിവുള്ള പുതിയ തലമുറയെ വാർത്തെടുക്കുകയാണ് അതിന്റെ ലക്ഷ്യം.

## ന്യൂസിലാന്റ്
## മുഹമ്മദ് ഇഖ്ബാൽ

തെക്കുപടിഞ്ഞാറെ ശാന്തസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഒട്ടനവധി ദ്വീപുകൾ ചേർന്ന നാട്. ആദിമ നിവാസികളായ 'മാവോറികൾ' 'നീണ്ട വെള്ള മേഘങ്ങളുടെ നാട്' എന്ന അർഥത്തിൽ 'അവോർട്ടിയവോറ' എന്നാണ് ഇതിന് പേരു നൽകിയിരുന്നത്. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു കിടക്കുന്നു.

ഓസ്‌ട്രേലിയൻ വൻകരയിൽ നിന്ന് 1500 കി.മീറ്റർ തെക്ക് കിഴക്കായി സ്ഥാനം. ഇരു രാജ്യങ്ങളെയും ടാസ്മാൻ കടൽ വേർതിരിക്കുന്നു. 13ാം നൂറ്റാണ്ടിലാണ് ഇവിടെ മനുഷ്യവാസമാരംഭിച്ചത്. യൂറോപ്യൻ വംശജരാണ് ഭൂരിപക്ഷം. തദ്ദേശീയരായ മാവോറികൾ രണ്ടാമത്. കുടിയേറ്റക്കാർ മൂന്നാമത്. 19ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രിസ്ത്യൻ മിഷണറിമാർ എത്തി. ഇതുവഴി മാവോറികൾ പരമ്പരാഗത ജീവിത ശൈലിയിൽ നിന്നും പടിഞ്ഞാറൻ രീതിയിലേക്ക് പരിവർത്തിക്കപ്പെട്ടു. സൂര്യൻ ആദ്യം ഉദിക്കുന്നത് ഇവിടെയാണ്. ഇപ്പോൾ റമദാൻ കടന്നെത്തിയിരിക്കുന്നത് ശൈത്യകാലത്താണ്. പകലിന് താരതമ്യേന ദൈർഘ്യം കുറവാണ്.

എല്ലാ സിറ്റി സെന്ററുകളിലും യൂനിവേഴ്‌സിറ്റികളിലും പള്ളികളും ദഅ്‌വ സെന്ററുകളും കാണാം. ജനസംഖ്യയിൽ മുസ്‌ലിംകളുടെ എണ്ണം 50,000 മാത്രമെ ഉള്ളൂവെങ്കിലും ദ്രുതഗതിയിൽ ഇസ്‌ലാം ഇവിടെ വളർച്ച പ്രാപിക്കുന്നുണ്ട്. വാണിജ്യ തലസ്ഥാനമായ ഒക്ലൈനിൽ മാത്രം 25 ഓളം പള്ളികളുണ്ട്. ഇവയെ എല്ലാം നിയന്ത്രിക്കുന്നത് FIANC (Federation of Islamic Organisation in New zealand) ആണ്. വേറെയും കൂട്ടായ്മകൾ ഉണ്ട്. പ്രബോധന പ്രവർത്തനങ്ങളും നോമ്പുതുറയുമെല്ലാം പള്ളികൾ കേന്ദ്രീകരിച്ചാണ്. ഇഫ്താർ പല കമ്യൂണിറ്റികളും പല ദിവസങ്ങളിലായി സംഘടിപ്പിക്കുന്നു. എല്ലാവർക്കും പങ്കെടുക്കാം. റമദാനിൽ പള്ളികളിൽ പ്രഭാഷണങ്ങൾ ഉണ്ടാവാറുണ്ട്.

അയൽ ദ്വീപായ ഫിജിയിൽ നിന്നും ന്യൂസിലാന്റിലേക്ക് കുടിയേറിയ ഇന്ത്യൻ വംശജരായ മുസ്‌ലിംകൾ ന്യൂസിലാന്റിലെ മുസ്‌ലിംകളുടെ എണ്ണം കൂട്ടിയതിൽ പ്രധാന ഘടകമാണ്. അവരുടെ ഇഷ്ടഭക്ഷണം ബിരിയാണി, സമൂസ തുടങ്ങിയവയാണ്.

## ഓസ്‌ട്രേലിയ (മെൽബൺ)
## ഇംതിയാസ്

ഓസ്‌ട്രേലിയൻ മുസ്‌ലിം കമ്യൂണിറ്റിയിൽ ബഹുഭൂരിപക്ഷവും പുറമെ നിന്നുള്ളവരാണ്. ഇസ്‌ലാമികമായി ജീവിതം നയിക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ ഇവിടെയില്ല. ഇസ്‌ലാമിക കൂട്ടായ്മകളുടെ കീഴിൽ സ്‌കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മലയാളി ഇസ്‌ലാമിക് അസോസിയേഷന്റെ കീഴിൽ മാസത്തിലൊരിക്കൽ പഠനക്ലാസുകളും കുട്ടികൾക്കുള്ള പ്രത്യേക പരിപാടികളും ഒക്കെയായി ഒരുമിച്ചു കൂടുകയും ഭക്ഷണം കഴിച്ചുപിരിയുകയും ചെയ്യുന്നത് വളരെ സന്തോഷം നൽകുന്ന അനുഭവമാണ്. Mosque open day എന്ന പേരിൽ പൊതുജനങ്ങൾക്കു വേണ്ടി പ്രത്യേക ദിവസങ്ങളിൽ പള്ളി തുറന്നു കൊടുക്കുകയും ഇസ്‌ലാമിനെക്കുറിച്ച് ലളിതമായി വിശദീകരിച്ചു കൊടുക്കുകയും അവർക്കു വേണ്ട ഭക്ഷണവും ചെറിയ സമ്മാനങ്ങളും വിശുദ്ധ ക്വുർആനും നൽകുകയും ചെയ്യുന്ന സമ്പ്രദായം ഇപ്പോഴുണ്ട്. ഇത് ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചുമുള്ള തെറ്റിദ്ധാരണ നീക്കുന്നതിന് വളരെ ഉപകാരപ്പെടുന്നുണ്ട്. ചില അവസരങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തുകൊണ്ട് സ്ട്രീറ്റ് ദഅ്‌വയും നടക്കാറുണ്ട്.

## റഷ്യ: ഈസ്റ്റ് സൈബീരിയ
## ആയിഷ പർവീൻ ശരീഫ്
## (മെഡിക്കൽ വിദ്യാർഥിനി)

സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന സൈബീരിയ ഏഷ്യയുടെ ഉത്തരഭാഗത്ത് സ്ഥിതിചെയ്യുന്നു. സൈബീരിയയുടെ വടക്കുഭാഗം പൂർണമായും മഞ്ഞിൽ മൂടിക്കിടക്കുകയാണ്. അതുകൊണ്ടുതന്നെ പ്രധാനമായും ജനവാസം തെക്കൻ മേഖലകളിൽ ആണ്. വേനൽക്കാലത്താണ് ഇപ്രാവശ്യം റമദാൻ. പെരുന്നാളിന് അതിശൈത്യത്തിൽ പോലും ജനങ്ങൾ തെരുവിൽ നമസ്‌കരിക്കുന്നത് കാണാം. സുബ്ഹി പുലർച്ചെ 2.30ന് ആണ്. മഗ്‌രിബ് രാത്രി 9.30 നും ഇശാഅ് 11.30നും ആയതുകൊണ്ട് രാത്രി ഉറക്കം വളരെ കുറവായിരിക്കും. ഹോസ്റ്റലിൽ ധാരാളം മുസ്‌ലിംകൾ ഉണ്ട്. ഹോസ്റ്റലിൽ കൂട്ടുകാർക്കൊപ്പം നമസ്‌കരിക്കാറാണ് പതിവ്. പൊതുഇടങ്ങളിൽ ഹിജാബ് ധരിച്ചവരെ കാണുന്നതും സലാം പറയുന്നതും സന്തോഷം നൽകുന്ന കാര്യങ്ങളാണ്.

## നോർവെ:
## അനൂപ് (എൻജിനീയർ)



**പ**കലിന് ദൈർഘ്യം വളരെ കൂടുതലും രാത്രിക്ക് വളരെ കുറവും ഉള്ളതുകൊണ്ട് 'പാതിരാ സൂര്യന്റെ നാട്' എന്നാണ് നോർവെ അറിയപ്പെടുന്നത്. ചിലപ്പോൾ ഒന്നോ രണ്ടോ മണിക്കൂർ മാത്രമെ രാത്രിയുടെ ദൈർഘ്യം കാണൂ! ക്രിസ്തുമത വിശ്വാസികളാണ് നോർവെയിലെ ബഹുഭൂരിപക്ഷവും. വളരെ കുറച്ച് മുസ്‌ലിംകൾ കുടിയേറ്റക്കാരായുണ്ട്. പള്ളികളും മതസ്വാതന്ത്ര്യവും ഉണ്ടെങ്കിലും കുടിയേറ്റക്കാരായ മുസ്‌ലിംകളിൽ ഒതുങ്ങിനിൽക്കുന്ന പ്രബോധന പരിപാടികൾ മാത്രമെ ഉണ്ടാകാറുള്ളൂ. ഇപ്പോൾ രാത്രിക്ക് 2 മണിക്കൂർ മുതൽ 3 മണിക്കൂർ മാത്രമെ ദൈർഘ്യമുള്ളൂ. മഗ്‌രിബ് രാത്രി 10.30 നും 11 മണിക്കും ഇടയിലുംഇശാഅ് മഗ്‌രിബിന്റെ 45 മിനിറ്റിനു ശേഷവുമാണ് നമസ്കരിക്കുന്നത്. സൂര്യോദയം 2 നും 2.15 നും ഇടയ്ക്കാണ്. അതിനിടയിൽ തറാവീഹ് നമസ്കാരത്തിനും ഒരു നേരത്തെ ഭക്ഷണത്തിനും മാത്രമെ സമയം ലഭിക്കുകയുള്ളൂ. സുബ്ഹി നമസ്കാരത്തിന് ശേഷമാണ് ഉറങ്ങാറുള്ളത്.

എന്നാൽ നോർവെയുടെ ചില ഭാഗങ്ങളിൽ സൂര്യൻ അസ്തമിക്കാത്ത ഇടങ്ങളും ഉണ്ട്. ഓസ്ലോയിൽ നിന്നും 6 മണിക്കൂർ സഞ്ചരിച്ചാൽ എത്തുന്ന ട്രോണേ എന്ന സ്ഥലത്താണ് സഹോദരൻ താമസിക്കുന്നത്. അവിടെ സൂര്യൻ അസ്തമിക്കാത്തത് കൊണ്ട് പള്ളിയിലെ ഇമാമുമാർ എല്ലാവരുംകൂടി തീരുമാനിച്ച് ഒരു ദിവസത്തെ 5 ഭാഗമായി തിരിച്ച് അഞ്ചിൽ 3 ഭാഗം നോമ്പ് അനുഷ്ഠിക്കുകയും നമസ്കാര സമയങ്ങൾ നിശ്ചിത രൂപത്തിൽ ക്രമീകരിക്കുകയുമാണ് ചെയ്തുപോരുന്നത്. ഹറമിലെ സമയമനുസരിച്ച് നോമ്പ് പിടിക്കുന്നവരുമുണ്ട്.

## ആഫ്രിക്കയിലെ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ
## മുഹമ്മദ് ബഷീർ (U.N എൻജിനീയർ സൂപ്പർവൈസർ)

**ആ**ഫ്രിക്കയിലെ രണ്ടാമത്തെ വലിയ രാജ്യമായ കോംഗോയിൽ 13 ശതമാനമാണ് മുസ്‌ലിം ജനസംഖ്യ. ഭൗതിക ജീവിത സാഹചര്യങ്ങളിൽ വളരെ പിന്നാക്കാവസ്ഥയിലാണ് ഈ രാജ്യം. ടാറിടാത്ത റോഡുകളും വൈദ്യുതി ഇല്ലാത്ത വീടുകളും 50 വർഷം മുമ്പുള്ള കേരളത്തെ ഓർമിപ്പിക്കുന്നു. ചെറിയ പള്ളികളാണ് നിലവിലുള്ളത്. ഒരു സ്വഫ്ഫിൽ പരമാവധി 20 ആളുകൾക്ക് മാത്രമെ നമസ്കാരത്തിന് നിൽക്കാൻ സാധിക്കുകയുള്ളൂ. പള്ളികളിൽ വൈദ്യുതി പോയാൽ ചെറിയ എൽഇഡി ലൈറ്റുകളെ ആണ് ആശ്രയിക്കുന്നത്. മുസ്‌ലിംകളിൽ വിശ്വാസ ജീർണതയും അനാചാരങ്ങളും ബാധിച്ചിട്ടില്ല എന്നു തന്നെ പറയാം. ഇശാഅ് നമസ്കാരത്തിനു ശേഷം 20 മിനിട്ടോളം പഠന ക്ലാസുകൾ ഉണ്ടാവാറുണ്ട്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ശൈഖ് നാസിറുദ്ദീൻ അൽബാനി തുടങ്ങിയ പണ്ഡിതന്മാരുടെ ഉദ്ധരണികൾ ക്ലാസുകളിൽ ഉപയോഗിക്കുന്നത് ശ്രദ്ധേയമാണ്.

ഒന്നര മണിക്കൂറോളം ദൈർഘ്യമുള്ള 11 റക്അത്ത് തറാവീഹ് നമസ്കാരം ശ്രദ്ധേയമാണ്. നോമ്പുതുറക്ക് പ്രധാനമായും അരി, ചോളം ഉണക്കിപ്പൊടിച്ചത്, കപ്പ ഉണക്കിപ്പൊടിച്ചത് എന്നിവ ചേർത്തുള്ള 'ഫുഫ്ഫ്' എന്ന വിഭവം ഇറച്ചിയോ മീനോ കൂട്ടി കഴിക്കുകയാണ് പതിവ്. ബീൻസ് കറി മറ്റൊരു പ്രധാന വിഭവമാണ്. ശരാശരി ഒരു പള്ളിയിൽ മുപ്പതോളം ആളുകൾ ഉണ്ടെങ്കിൽ ഒരുമാസത്തേക്ക് 120 ഡോളർ കൊണ്ട് നോമ്പ് തുറക്കാം. സുഊദി അറേബ്യയെ പൂർണമായും അടിസ്ഥാനമാക്കിയാണ് നോമ്പും പെരുന്നാളും നിർണയിക്കുന്നത്.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# മുഖാവരണ നിരോധനം ഫാസിസത്തിന്റെ കാണാപ്പുറം

**മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണത്തിനെ കുറിച്ച പൊതുസമൂഹത്തിന്റെ 'ആകുലതകൾക്ക്' കാലങ്ങളുടെ പഴക്കമുണ്ട്. യുക്തിവാദികൾ തുടങ്ങി വെച്ച ഈ ആരോപണം തീവ്ര ചിന്താഗതി വെച്ച് പുലർത്തുന്ന പല സംഘടനകളും പിന്നീട് ഏറ്റുപിടിച്ചു. എന്നാൽ സമുദായത്തിനകത്തു നിന്ന് തന്നെ ഒരു കോടാലിക്കൈ ഇപ്പോൾ മുസ്‌ലിം സ്ത്രീകളുടെ മൂടുപടത്തിനെതിരെ രംഗത്ത് വന്നിരിക്കുകയാണ്. എന്താണ് നിഖാബിന്റെ യഥാർഥ പ്രശ്നം? ആരൊക്കെയാണ് പുതിയ വിവാദത്തിൽ വിതയ്ക്കുന്നത്; കൊയ്യുന്നത്?**

കേരളത്തിൽ മുസ്‌ലിം എജ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും വിദ്യാർഥിനികളുടെ മുഖാവരണം നിരോധിച്ചുകൊണ്ടുള്ള സർക്കുലർ പുറത്തിറങ്ങിയതോടെ മുസ്‌ലിം സമുദായത്തിനകത്തും പുറത്തും ചർച്ചകളും പ്രതിഷേധങ്ങളും കൊടുമ്പിരികൊണ്ടിരിക്കുകയാണ്. എം.ഇ.എസ് ഏകകണ്ഠമായി എടുത്ത നിലപാടല്ല, മറിച്ച് പ്രസിഡന്റിന്റെ തിട്ടൂരം മാത്രമാണ് ഈ ഉത്തരവിന് പിന്നിലുള്ളതെന്നാണ് എം.ഇ.എസ്സുമായി അടുപ്പമുള്ളവർ അടക്കം പറയുന്നതെങ്കിലും വിഷയത്തിൽ എം.ഇ.എസ്സിന് തന്നെയാണ് ഉത്തരവാദിത്തമുള്ളത്. തീരുമാനത്തിൽ പ്രതിഷേധിച്ച് ചില അംഗങ്ങൾ രാജിവെച്ചതായും പത്രവാർത്തകൾ കാണാനിടയായി.

ഇന്ത്യാരാജ്യത്ത് മുസ്‌ലിം അടയാളങ്ങളായി (Identity) പലതും അറിയപ്പെട്ടിട്ടുണ്ട്. അതിൽ എല്ലാ കാര്യങ്ങൾക്കും പ്രമാണത്തിൽ അധിഷ്ഠിതമായ വിശദീകരണങ്ങൾ കാണാൻ സാധിക്കില്ലെങ്കിലും താടി, തലപ്പാവ്, സ്ത്രീകളുടെ മുഴുനീള വസ്ത്രം, പർദ, നിഖാബ് തുടങ്ങിയവയെല്ലാം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി മുസ്‌ലിം സമുദായാംഗങ്ങൾ അവരുടെ വേഷവും അടയാളവുമായി സ്വീകരിച്ചുവരുന്നവയാണ്. എന്നാൽ മുസ്‌ലിം സമുദായത്തിൽ തന്നെ ഇതൊന്നും സ്വീകരിക്കാത്തവരുമുണ്ട്. ആധുനിക വേഷവിധാനങ്ങൾ സ്വീകരിച്ചുവരുന്ന മുസ്‌ലിംകളുമുണ്ട്. വേഷവിധാനങ്ങളുടെ കാര്യത്തിൽ മുസ്‌ലിം സമുദായത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും ചിന്താഗതികളും കാണപ്പെടുന്നുണ്ട്. അവയിലെ ശരിതെറ്റുകൾ പണ്ഡിതന്മാർക്കിടയിലും വിവിധ പ്രസ്ഥാനങ്ങൾക്കിടയിലും പലപ്പോഴും ചർച്ചയാവുകയും തർക്കവിതർക്കങ്ങൾക്ക് കാരണമാവാറുമുണ്ട്. അതിൽ ഓരോ വ്യക്തിയും അവരവർ മനസ്സിലാക്കിയതനുസരിച്ച് ജീവിച്ചുവരുന്നു.

സ്ത്രീകൾ മുഖം മറക്കുന്ന കാര്യത്തിൽ സമുദായത്തിനകത്ത് നിഷിദ്ധം, അനുവദനീയം, ഉത്തമം, നിർബന്ധം എന്നിങ്ങനെ പ്രധാനമായും നാല് കാഴ്ചപ്പാടാണുള്ളത്. ഇതിലേതെങ്കിലും ഒരു കാഴ്ചപ്പാട് സ്വീകരിക്കുമ്പോൾ തന്നെ ഇതര കാഴ്ചപ്പാടുകൾ വെച്ചുപുലർത്തുന്നവരെ ഉൾക്കൊള്ളാനും സഹിഷ്ണുതയോടെ കാണാനുമാണ് ശ്രമിക്കേണ്ടത്. ഓരോ വിഭാഗത്തിനും പുരോഗമനപരമല്ലെന്നു തോന്നുന്നത് മറ്റൊരു വിഭാഗത്തിന് പുരോഗമനപരമായിരിക്കാം. നേരെ തിരിച്ചും അങ്ങനെ തന്നെ. തല മറക്കുന്നത് തന്നെ പരിഷ്‌കൃത സമൂഹത്തിനു ചേർന്നതല്ലെന്ന് വിശ്വസിക്കുന്നവരുണ്ട്. ശരീരം മുഴുവൻ മറയുന്ന സാരി പോലെയുള്ള വസ്ത്രങ്ങളും ആധുനിക കാലഘട്ടത്തിൽ ശരിയല്ലെന്നും സാരിയിൽ ചുറ്റിപ്പൊതിഞ്ഞു വീർപ്പുമുട്ടേണ്ട കാര്യമില്ലെന്നും പകരം അൽപംകൂടി ഇറക്കം കുറഞ്ഞതും ശരീരത്തിന്റെ ചില ഭാഗങ്ങൾ പുറത്തേക്ക് കാണുന്നതുമായ വസ്ത്രങ്ങൾ ധരിക്കുകയാണ് വേണ്ടതെന്നുമൊക്കെ അഭിപ്രായപ്പെടുന്നവരുണ്ട്. അതുകൊണ്ടുതന്നെ കേവലം ഒരു മുഖം മറക്കൽ മാത്രമല്ല 'പിന്തിരിപ്പൻ' ആവുന്നത്. ഓരോരുത്തരുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് ചിലത് പഴഞ്ചനും അപരിഷ്‌കൃതവുമൊക്കെയായിത്തീരും. അതെല്ലാം ആപേക്ഷികമാണ്.

മുസ്‌ലിം സ്ത്രീകളുടെ മുഖാവരണമാണല്ലോ ഇപ്പോൾ ചിലർ വിവാദമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മുസ്‌ലിംകളല്ലാത്ത വിഭാഗങ്ങൾ പോലും ആശങ്കയോടെയോ ഭയപ്പാടോടെയോ ഇതിനെ നോക്കിക്കാണുന്നില്ല. കഴിഞ്ഞ വർഷം ഡെന്മാർക്കിൽ നിഖാബ് നിരോധിക്കപ്പെട്ടപ്പോൾ ആഗസ്റ്റ് 1ന് കോപ്പൻഹേഗനിൽ നടന്ന പ്രതിഷേധ റാലിയിൽ അമുസ്‌ലിംകളടക്കം ധാരാളം പേർ പങ്കെടുത്തിരുന്നു. മതസ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമെന്നാണ് റാലിയിൽ പങ്കെടുത്തവർ ഒറ്റക്കെട്ടായി പറഞ്ഞത്. മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ഇത്തരം നിയമനിർമാണങ്ങൾക്ക് മുമ്പിൽ തങ്ങൾ തല കുനിക്കാൻ തയ്യാറല്ല എന്നും അവർ ഉറക്കെ വിളിച്ചുപറഞ്ഞു. റാലിയിൽ പങ്കെടുത്ത ഒരു ഡാനിഷ് പൗരൻ പറഞ്ഞത് 'ഞാൻ നിഖാബിനു അനുകൂലമോ എതിരോ അല്ല; പക്ഷേ, ജനങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം' (റോയിട്ടർ റിപ്പോർട്ട് ചെയ്തത്) എന്നായിരുന്നു. യൂറോപ്പിൽ ആദ്യമായി മുഖാവരണം നിരോധിച്ച രാജ്യമാണ് ഫ്രാൻസ്. ഫ്രാൻസ് പാർലമെന്റിൽ നിരോധനത്തിനെതിരെ വോട്ട് ചെയ്ത ഏകാംഗമായ ഡാനിയൽ ഗെറിഗ് പറഞ്ഞത് വളരെ പ്രസക്തമാണ്: 'തീവ്ര സ്വഭാവമെന്നു വിശേഷണം നൽകിക്കൊണ്ട് നിഖാബിനെതിരെ പൊരുതുന്നത് വഴി ബഹുസ്വരത ഇല്ലാതായി രാജ്യം ഏകാധിപത്യ പ്രവണതയിലേക്ക് വഴുതിവീഴുകയായിരിക്കും ഫലം.' ഗെറിഗ് പറഞ്ഞു. ഇങ്ങനെ മുഖാവരണ നിരോധനത്തിനെതിരെ നിലപാട് സ്വീകരിച്ചിട്ടുള്ള മതേതര വാദികൾ നൽകിയിരുന്ന സന്ദേശം വളരെ വ്യക്തമാണ്. വ്യത്യസ്ത സംസ്‌കാരങ്ങളെയും മതചിഹ്നങ്ങളെയും ഇല്ലാതാക്കുക വഴി അതാത് സമൂഹങ്ങളിൽ ഫാസിസമായിരിക്കും തലപൊക്കുന്നത് എന്ന മുന്നറിയിപ്പായിരുന്നു പ്രസ്തുത സന്ദേശം.

**സ്ത്രീകൾ മുഖം മറക്കുന്ന കാര്യത്തിൽ സമുദായത്തിനകത്ത് നിഷിദ്ധം, അനുവദനീയം, ഉത്തമം, നിർബന്ധം എന്നിങ്ങനെ പ്രധാനമായും നാല് കാഴ്ചപ്പാടാണുളളത്. ഇതിലേതെങ്കിലും ഒരു കാഴ്ചപ്പാട് സ്വീകരിക്കുമ്പോൾ തന്നെ ഇതര കാഴ്ചപ്പാടുകൾ വെച്ചുപുലർത്തുന്നവരെ പരസ്പരം ഉൾക്കൊള്ളാനും സഹിഷ്ണുതയോടെ കാണാനുമാണ് ശ്രമിക്കേണ്ടത്. ഓരോ വിഭാഗത്തിനും പുരോഗമനപരമല്ലെന്നു തോന്നുന്നത് മറ്റൊരു വിഭാഗത്തിന് പുരോഗമനപരമായിരിക്കാം. നേരെ തിരിച്ചും അങ്ങനെ തന്നെ. ഓരോരുത്തരുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് ചിലത് പഴഞ്ചനും അപരിഷ്‌കൃതവുമൊക്കെയായിത്തീരും. അതെല്ലാം ആപേക്ഷികമാണ്.**

വളരെ നിരുപദ്രവകാരിയായ ഒരു വസ്ത്രരീതിയെ 'ഭീകരത'യുടെ പര്യായമായി മുദ്രകുത്തി കശാപ്പ് ചെയ്യാനാണ് തീവ്ര സെക്കുലറിസത്തിന്റെ വേഷമണിഞ്ഞവരും ഫാസിസ്റ്റുകളും ഒരുപോലെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ശിവസേന മുഖപത്രമായ സാമ്നയിൽ എഡിറ്റോറിയലിലൂടെ മുസ്‌ലിം സ്ത്രീകളുടെ മുഖാവരണം നിരോധിക്കണമെന്ന് നരേന്ദ്രമോഡിയോട് ആവശ്യപ്പെട്ടത്. ഇന്ത്യയിലെ ഹിന്ദുത്വ തീവ്രവാദികൾ മുഖാവരണം നിരോധിക്കണമെന്ന് മാത്രമല്ല കൂട്ടത്തിൽ പർദയും തല മറക്കുന്ന തട്ടവുമെല്ലാം നിരോധിക്കണമെന്നാണ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഏകശിലാത്മക സംസ്കാരമെന്ന ആർ.എസ്.എസ് മുദ്രാവാക്യം നടപ്പാക്കാൻ ശ്രമിക്കുമ്പോഴാണ് സമാനമായ ആവശ്യവുമായി എം.ഇ.എസ്. പ്രസിഡന്റ് രംഗത്തുവരുന്നത്. ഡോ: ഫസൽ ഗഫൂറിന്റെതായി 'ദ ഹിന്ദു' നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറയുന്നത് ഇങ്ങനെ വായിക്കാം: 'എം.ഇ.എസ് മുസ്‌ലിം സ്ത്രീകളെ വിദ്യാഭ്യാസത്തിലൂടെയും തൊഴിലിലൂടെയും പൊതുജീവിതത്തിലൂടെയും ശാക്തീകരിക്കാനാണ് ശ്രമിക്കുന്നത്. മുസ്‌ലിം സ്ത്രീകൾ മുഖം മറക്കുന്നത് സ്ത്രീ വിരുദ്ധ നടപടിയാണ്. ഈ അടുത്ത കാലത്ത് മാത്രമാണ് കേരളത്തിൽ അത് പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. അതിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.' തുടർന്ന് ഫസൽ പറയുന്ന കാര്യം ശ്രദ്ധിക്കുക: 'പർദ (ശരീരം മുഴുവൻ മറയുന്ന വസ്ത്രം), ഹിജാബ് (കറുത്ത നിറത്തിലുള്ള, തലയും മുഖത്തിന്റെ ഒരു ഭാഗവും മറയ്ക്കുന്ന വസ്ത്രം), നിഖാബ് (കണ്ണുകൾ മാത്രം കാണിക്കുന്ന മുഖം മറക്കുന്ന വസ്ത്രം) എന്നിവ കേരളീയ സമൂഹത്തിനു കാൽ നൂറ്റാണ്ടു മുമ്പ് വരെ കേട്ടുപരിചയമില്ലാത്ത കാര്യങ്ങളാണ്.'

ഇവിടെയാണ് കാര്യങ്ങൾ മാറി മറിയുന്നത്. പ്രത്യക്ഷത്തിൽ ഇപ്പോൾ നിഖാബിനു മാത്രം നിരോധനം കൊണ്ടുവരികയും തുടർന്ന് തലമറക്കുന്ന സ്കാർഫ്, ശരീരം മുഴുവൻ മറയുന്ന പർദ എന്നിവക്കെതിരെ കൂടി പ്രചാരണവും ബോധവൽക്കരണവും നടത്തി ഭാവിയിൽ അവ കൂടി നിരോധനത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരുവാനുള്ള ഗൂഢതന്ത്രം ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്നുവെന്നത് വളരെ വ്യക്തമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവിടത്തെ വസ്ത്രരീതികൾ എങ്ങനെയായിരിക്കണമെന്ന് നിഷ്കർശിക്കാനുള്ള അവകാശമുണ്ടെന്ന ന്യായം പറച്ചിലാണ് ഇത്തരത്തിലുള്ള സർക്കുലറുകൾ പുറപ്പെടുവിക്കാനുള്ള അധികാരമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എം.ഇ.എസ് ഇപ്പോൾ ഹൈക്കോടതിയിൽ നിന്നും വാങ്ങിയിട്ടുള്ള വിധിക്ക് കാരണമായി അവർ തന്നെ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വിധി കേരള ഹൈക്കോടതി 2018 ഡിസംബർ 4ന് പുറപ്പെടുവിച്ച ഒരു വിധിയാണ്. ഒരു ക്രിസ്ത്യൻ സ്കൂളിൽ രണ്ടു മുസ്‌ലിം വിദ്യാർഥിനികൾ അവർക്ക് തല മറക്കാനും മുഴുക്കൈ കുപ്പായം ധരിക്കാനുമുള്ള അവകാശത്തിനായി നൽകിയ പെറ്റിഷൻ തള്ളിക്കൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയാണ് അത്. പ്രസ്തുത വിധിയെ ഉപയോഗപ്പെടുത്തി എം.ഇ.എസ്. എന്ന മുസ്‌ലിം സംഘടന ഇത്ര ലാഘവത്തോടെ പ്രവർത്തിക്കാൻ പാടുണ്ടോ? തലമറക്കാനും ഫുൾ സ്ലീവ് കുപ്പായം ധരിക്കാനുമുള്ള അവകാശം മുസ്‌ലിം വിദ്യാർഥിനികൾക്ക് നിഷേധിച്ചുകൊണ്ട് ഒരു ക്രിസ്ത്യൻ സ്കൂളിന് അനുകൂലമായി കോടതി നൽകിയ വിധിയെ ഉത്തരവാദപ്പെട്ട ഒരു മുസ്‌ലിം സംഘടന അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ മുഖാവരണം നിരോധിക്കാനും പർദക്കെതിരെ സൂചനകൾ നൽകാനുമൊക്കെ ഉപയോഗിക്കുന്നത് സ്വന്തം സമുദായത്തോട് ചെയ്യുന്ന വഞ്ചനയും ക്രൂരതയുമല്ലാതെ മറ്റെന്താണ്?

**വളരെ നിരുപദ്രവകാരിയായ ഒരു വസ്ത്രരീതിയെ 'ഭീകരത'യുടെ പര്യായമായി മുദ്രകുത്തി കശാപ്പ് ചെയ്യാനാണ് തീവ്ര സെക്കുലറിസത്തിന്റെ വേഷമണിഞ്ഞവരും ഫാസിസ്റ്റുകളും ഒരു പോലെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ശിവസേന മുഖപത്രമായ സാമ്നയിൽ എഡിറ്റോറിയലിലൂടെ മുസ്‌ലിം സ്ത്രീകളുടെ മുഖാവരണം നിരോധിക്കണമെന്ന് നരേന്ദ്രമോഡിയോട് ആവശ്യപ്പെട്ടത്. ഇന്ത്യയിലെ ഹിന്ദുത്വ തീവ്രവാദികൾ മുഖാവരണം നിരോധിക്കണമെന്ന് മാത്രമല്ല കൂട്ടത്തിൽ പർദയും തല മറക്കുന്ന തട്ടവുമെല്ലാം നിരോധിക്കണമെന്നാണ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഏകശിലാത്മക സംസ്കാരമെന്ന ആർ.എസ്.എസ് മുദ്രാവാക്യം നടപ്പാക്കാൻ ശ്രമിക്കുമ്പോഴാണ് സമാനമായ ആവശ്യവുമായി എം.ഇ.എസ് പ്രസിഡന്റ് രംഗത്തുവരുന്നത്.**

കഴിഞ്ഞ വർഷം ഡിസംബർ 4ന് ഫാത്തിമ തസ്‌നീം, ഹഫ്‌സ പർവീൺ എന്നീ സഹോദരിമാരായ രണ്ടു മുസ്‌ലിം വിദ്യാർഥിനികൾക്ക് തിരുവല്ലം ക്രൈസ്റ്റ് നഗർ സീനിയർ ഹയർ സെക്കന്ററി സ്‌കൂളിൽ ഇസ്‌ലാമിക വേഷവിധാനം സ്വീകരിച്ചുകൊണ്ട് പഠിക്കാനുള്ള അവകാശം സ്‌കൂൾ അധികൃതർ തടഞ്ഞപ്പോൾ അവർ കോടതിയിൽ പോവുകയും കോടതി സ്‌കൂളിന് അനുകൂലമായ വിധി പുറപ്പെടുവിപ്പിക്കുകയും ചെയ്തു. പക്ഷേ, എം.ഇ.എസ്സിന് ഈ വിധി എങ്ങനെയാണ് അനുകൂലമാവുന്നത്? കോടതിയുടെ വിധി പ്രസ്താവത്തിൽ പറയുന്ന സുപ്രധാന ഭാഗം ഇങ്ങനെയാണ്: 'വിദ്യാർഥികളുടെതും സ്‌കൂളിന്റെതും ഒരു പോലെ മൗലികാവകാശമാണ്. മൗലികാവകാശങ്ങൾ രണ്ടു തരമാണ്. ഒന്ന് പൂർണമായ അവകാശമുള്ളത്. മറ്റൊന്ന് ആപേക്ഷികമായത്. മതപരമായ അവകാശങ്ങൾ ആപേക്ഷിക അവകാശങ്ങളിലാണ് പെടുന്നത്. ഒരാൾക്ക് അയാൾ ഇച്ഛിക്കുന്നതുപോലെ വസ്ത്രം ധരിക്കാൻ അവകാശമുണ്ട്. എന്നാൽ ഒരു സ്വകാര്യ സ്ഥാപനത്തിന് (Private entity) അവരുടെ രീതിക്കനുസരിച്ച് സ്ഥാപനം ഭരിക്കാനുള്ള അവകാശവുമുണ്ട്.' വിദ്യാർഥികളുടെ മൗലികാവകാശത്തെക്കാൾ സ്ഥാപനത്തിന്റെ മൗലികാവകാശത്തിനാണ് മുൻതൂക്കമെന്നാണ് കോടതിയുടെ കണ്ടെത്തൽ.

ക്രൈസ്റ്റ് നഗർ ഗ്രൂപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളാണെന്നു മറച്ചുപിടിച്ചുകൊണ്ടാണ് എം.ഇ.എസ്. സംസാരിക്കുന്നത്. വിധി പ്രസ്താവത്തിൽ 'സ്വകാര്യ സംരംഭം അഥവാ Private Entity' എന്ന് കോടതി പ്രസ്താവിച്ചത് വെറുതെയല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 30 അനുസരിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ സംസ്‌കാരമനുസരിച്ചു സ്ഥാപനങ്ങൾ ഉണ്ടാക്കാനുള്ള മൗലികാവകാശം വകവെച്ചുകൊടുത്തിട്ടുണ്ട്. അവിടങ്ങളിൽ അതാത് മാനേജ്‌മെന്റുകൾക്ക് വസ്ത്രരീതിയടക്കമുള്ള ചട്ടങ്ങൾ ആവിഷ്‌കരിക്കാം. പക്ഷേ, അവ പൂർണമായും 'സ്വകാര്യ സ്ഥാപനം' തന്നെയായിരിക്കണം. അവ സർക്കാർ ശമ്പളം കൊടുത്തുകൊണ്ട് നടത്തപ്പെടുന്നവയായിരിക്കരുത്. ചട്ടങ്ങളിൽ വിവേചനപരമായവ ഉണ്ടാവാനും പാടില്ല.

2008ലെ വളരെ പ്രസിദ്ധമായ 'താടിക്കേസിലെ' വിധികളും വാദങ്ങളും പഠിച്ചാൽ കാര്യങ്ങൾ ഒന്നുകൂടി വ്യക്തമാകും. മധ്യപ്രദേശിലെ ഒരു ക്രിസ്ത്യൻ സ്‌കൂളായ നിർമല കോൺവെന്റ് സ്‌കൂളിൽ പഠിക്കുകയായിരുന്ന മുഹമ്മദ് സലീം എന്ന പത്താം ക്ലാസുകാരൻ ഇസ്‌ലാമിക വിശ്വാസമനുസരിച്ച് താടി വെക്കുകയുണ്ടായി. എന്നാൽ സ്‌കൂൾ നിയമമനുസരിച്ച് താടിവെക്കാൻ അനുമതിയുണ്ടായിരുന്നില്ല. അക്കാരണത്താൽ ആ വിദ്യാർഥി അവിടെ നിന്നും പുറത്താക്കപ്പെട്ടു. സലീം മധ്യപ്രദേശ് ഹൈക്കോടതിയെ സമീപിച്ചു. സ്‌കൂൾ മൈനോറിറ്റി പദവിയുള്ളതായതുകൊണ്ട് കോടതി സ്‌കൂളിന് അനുകൂലമായി വിധിച്ചു. സലീം സുപ്രീം കോടതിയെ സമീപിച്ചു. സുപ്രീം കോടതിയിൽ സലീമിന്റെ അഭിഭാഷകൻ ബി.എ.ഖാൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 പൗരന് നൽകുന്ന മത സ്വാതന്ത്ര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് വാദിച്ചു. സ്‌കൂളിൽ പഠിക്കുന്ന സിഖ് വിദ്യാർഥികൾക്ക് താടി വെക്കാനും തലപ്പാവ് ധരിക്കാനുമുള്ള അനുമതി അഭിഭാഷകൻ ചൂണ്ടിക്കാണിക്കുകയും ചെയ്തു. പക്ഷേ, സുപ്രീം കോടതി സലീമിന്റെ അഭിഭാഷകനോട് ഒരു കാര്യം മാത്രം അന്വേഷിച്ചു; സ്‌കൂൾ സർക്കാർ സഹായം (ശമ്പളം) ലഭിക്കുന്ന സ്ഥാപനമാണോ എന്ന്. കാരണം ന്യൂനപക്ഷങ്ങൾ നടത്തുന്ന എയ്ഡഡ് സ്‌കൂളുകൾ ഭരണഘടനാപരമായി രാഷ്ട്രത്തിന്റെ പൊതുസ്ഥാപനമായിട്ടാണ് പരിഗണിക്കപ്പെടുക. മൗലികാവകാശങ്ങൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ മാത്രമെ പരിഗണിക്കാവൂ എന്നാണ് സുപ്രീം കോടതി പറഞ്ഞത്. നിർമല കോൺവെന്റ് ഒരു സ്വാശ്രയ സ്വകാര്യ സ്ഥാപനമാണ്. അവ സ്ഥാപിക്കപ്പെടുന്നത് ആർട്ടിക്കിൾ 30 അനുസരിച്ചാണ്. അവർക്ക് സ്വന്തമായ ചട്ടങ്ങൾ നിർമിക്കാനുള്ള അധികാരമുണ്ട്. 'താടി താലിബാനിസം' ആണെന്ന ജസ്റ്റിസ് മാർക്കണ്ഡേയ കട്ജുവിന്റെ പരാമർശം ഈ കേസിന്റെ വിസ്താരത്തിനിടയിലായിരുന്നു. അദ്ദേഹം പിന്നീട് അതിൽ ഖേദം പ്രകടിപ്പിച്ചു. പിന്നീട് സുപ്രീം കോടതി തന്നെ ഒരു ഇടക്കാല ഉത്തരവിലൂടെ സലീമിനെ സ്‌കൂളിൽ പ്രവേശിപ്പിക്കണമെന്നും കേവലം ഒരു താടിയുടെ പേരിൽ സ്‌കൂളിൽ നിന്നും പുറത്താക്കാൻ പറ്റില്ലെന്നും വിധിക്കുകയുണ്ടായി.

ഈ വിധിയിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. എയ്ഡഡ് സ്ഥാപനങ്ങൾക്ക് മൗലികാവകാശങ്ങൾക്ക് എതിരെ ചട്ടങ്ങൾ നിർമിക്കാൻ അവകാശമില്ല. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സർക്കാർ സഹായം കിട്ടാത്ത സ്വാശ്രയ സ്ഥാപനങ്ങളിൽ മാത്രമെ ഇത്തരം ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരമുള്ളൂ. അവയിൽ തന്നെയും ഒരു വിഭാഗത്തിന് മാത്രമായി വിവേചനം പാടി

ല്ല. സിഖുകാർക്ക് അവരുടെ വിശ്വാസ പ്രകാരമുള്ള കാര്യങ്ങൾ പ്രവർത്തിക്കാമെങ്കിൽ ഇതര സമുദായങ്ങൾക്കും അതുപോലെ പ്രവർത്തിക്കാം. വിവേചനം പാടില്ല. അത് ഭരണഘടനാവിരുദ്ധമാണ്.

കേരളത്തിലെ നൂറോളം വരുന്ന എം.ഇ.എസ്. സ്ഥാപനങ്ങളിൽ ഇനി മുതൽ മുഖാവരണം പാടില്ലെന്ന് സർക്കുലർ പുറത്തിറക്കാൻ എല്ലാ എം.ഇ.എസ്. സ്ഥാപനങ്ങളിലും ശമ്പളം കൊടുക്കുന്നത് എം.ഇ.എസിന്റെ ഓഫീസിൽ നിന്നോ പ്രസിഡന്റിന്റെ വീട്ടിൽ നിന്നോ അല്ലെന്ന കാര്യം ഓർക്കണം. സർക്കാർ ഖജനാവിൽ നിന്നാണ് അവിടെ ശമ്പളം നൽകുന്നത്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ ഏതു മതവിഭാഗത്തിൽ പെട്ടവർക്കും മാന്യമായ വസ്ത്രം ധരിച്ചുകൊണ്ട് പഠിക്കാനുള്ള അവകാശം ഭരണഘടന നൽകിയിട്ടുണ്ട്. ഭരണഘടനക്കപ്പുറം ഒരു സ്ഥാപന മാനേജ്മെന്റിനും നിയമങ്ങളുണ്ടാക്കാൻ സാധിക്കില്ല. അത് നിലനിൽക്കില്ല. സർക്കുലറുകളും ലെറ്റർപാഡും സീലുമൊക്കെ അൽപകാലത്തേക്ക് ഉപയോഗിക്കാമെന്ന് മാത്രം.

എം.ഇ.എസ്സിനോ ഇതര സ്ഥാപന മാനേജുമെന്റുകൾക്കോ തങ്ങളുടെ സ്ഥാപനങ്ങളിൽ മുഖാവരണം ധരിച്ച് വിദ്യാർഥിനികൾ വരുന്നതുകൊണ്ട് പ്രായോഗികമായ ബുദ്ധിമുട്ടുകളോ മറ്റു അക്കാദമികമായ പോരായ്മകളോ ഉണ്ടെന്ന് അനുഭവപ്പെടുന്നുണ്ടെങ്കിൽ സമുദായത്തിൽ ആശങ്കകൾ സൃഷ്ടിച്ചും സമുദായത്തിന്റെ പ്രതിഷേധം ക്ഷണിച്ചുവരുത്തിയുമല്ല നടപടികൾ സ്വീകരിക്കേണ്ടത്. കേരളത്തിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകളിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ചർച്ച നടത്തി ഒരു സമവായം സൃഷ്ടിക്കുവാനും പരിഹാരം കണ്ടെത്താനുമാണ് നോക്കേണ്ടിയിരുന്നത്. മുത്ത്വലാഖ് വിഷയത്തിൽ അത് നിഷിദ്ധമാണെന്നു വിശ്വസിക്കുന്ന വിഭാഗങ്ങൾ പോലും മുത്ത്വലാഖ് നിരോധിക്കുന്നതിനെതിരെ രംഗത്തുവരികയും സമുദായത്തിൽ അക്കാര്യത്തിൽ ഒരു സമവായം സൃഷ്ടിക്കുകയും ചെയ്ത കാര്യം നാം വിസ്മരിക്കരുത്. മുഖം മറക്കുന്നത് ഇഷ്ടമില്ലാത്തവരും മുഖം മറക്കുന്ന ന്യൂനപക്ഷത്തിന്റെ കൂടെ നിന്നുകൊണ്ട് അവരുടെ അവകാശം ഹനിക്കപ്പെടുന്നില്ലെന്നു അവരെ ബോധ്യപ്പെടുത്തി ഈ ഫാസിസ്റ്റുകാലത്ത് സമുദായത്തിനിടയിൽ കുഴപ്പങ്ങൾ ഉണ്ടാക്കാതെ നോക്കുകയാണ് വേണ്ടത്.

മുഖം മറക്കുന്ന സഹോദരിമാരെ മുഴുവൻ ഇടിച്ചുതാഴ്ത്തുന്നവരും അവർ സമുദായത്തിനോ സമൂഹത്തിനോ കൊള്ളാത്തവരാണെന്നും അവർ തീവ്രവാദികളാണെന്നും ആക്ഷേപിക്കുന്നവരുമാണ് യഥാർഥത്തിൽ തീവ്രവാദം മനസ്സിൽ സൂക്ഷിക്കുന്നവർ. അസഹിഷ്ണുതയുടെ ഭാണ്ഡങ്ങളാണ് അവർ പേറിക്കൊണ്ടിരിക്കുന്നത്. മുഖം മറക്കുന്ന സ്ത്രീജനങ്ങളിൽ പലരും വളരെ പെട്ടെന്ന് അവരുടെ മുഖാവരണങ്ങൾ അഴിച്ചുമാറ്റാവുന്ന മാനസികാവസ്ഥയിലല്ല ഉള്ളത്. ചെറുപ്പം മുതൽ ധരിക്കുകയും പാരമ്പര്യമായി ശീലിച്ചുവന്നിട്ടുമുള്ള ധാരാളം പേർ അവരുടെ കൂട്ടത്തിലുണ്ട്. തല മറക്കുന്ന ഒരു സ്ത്രീയുടെ തലയിൽ നിന്നും തട്ടം അഴിഞ്ഞുപോവുമ്പോൾ ഉണ്ടാവുന്ന അതേ പ്രയാസം മുഖം മറച്ചു ശീലിച്ച ഒരു സ്ത്രീയുടെ മുഖത്തുനിന്നും അവ നീങ്ങുമ്പോൾ കാണും. മുഖം മറച്ചുവെന്ന കാരണത്താൽ വിദ്യാഭ്യാസം നിഷേധിച്ചാൽ അത് മനുഷ്യാവകാശ ലംഘനം കൂടിയായിരിക്കും. മുഖം മറച്ചതിന്റെ പേരിൽ മാത്രം സാമൂഹിക പരിസരങ്ങളിൽ നിന്നും അവരെ അകറ്റിനിർത്തിയാൽ നിരക്ഷരരും വിദ്യാഭ്യാസമില്ലാത്തവരുമായ ഒരു സമൂഹത്തെയായിരിക്കും അതുവഴി ഭാവിയിൽ സമുദായത്തിനേറ്റെടുക്കേണ്ടി വരിക.

മുഖം മറക്കുന്നവർക്ക് മറക്കാത്തവരോടും പുച്ഛവും വെറുപ്പും ഉണ്ടാവേണ്ടതില്ല. നിങ്ങൾക്ക് മറക്കാനുള്ള സ്വാതന്ത്ര്യമുള്ള പോലെ മറക്കാതിരിക്കാൻ മറ്റുള്ളവർക്കും സ്വാതന്ത്ര്യമുണ്ടെന്ന കാര്യം വിസ്മരിക്കരുത്. മതവിഷയങ്ങളിൽ പ്രവാചകന്റെയും സച്ചരിതരായ സലഫിന്റെയും മാർഗം സ്വീകരിക്കുമ്പോഴാണ് മധ്യമ മാർഗത്തിൽ എത്തിച്ചേരുക എന്ന് മുസ്‌ലിം സമുദായം തിരിച്ചറിയേണ്ടതുണ്ട്. അഭിപ്രായാന്തരങ്ങൾക്കിടയിലും സഹിഷ്ണുതയുടെ മാർഗമാണ് അവർ പഠിപ്പിച്ചത്.

ജസ്റ്റിസ് രജീന്ദർ സച്ചാർ ചൂണ്ടിക്കാണിച്ച പോലെ മുസ്‌ലിം സമുദായത്തിന് വിദ്യാഭ്യാസപരവും സാമൂഹികവുമായ പുരോഗതി ഉണ്ടാവണമെങ്കിൽ അവർ ജീവിക്കുന്ന ശൈലികളെയും അവരുടെ സംസ്കാരങ്ങളെയും അനുവദിച്ചുകൊണ്ട് തന്നെ പഠനം നടത്താനും ജോലി ചെയ്യാനും പൊതുഇടങ്ങളിൽ പ്രത്യക്ഷപ്പെടാനും സാധിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന വരേണ്യവർഗങ്ങളിൽ മാത്രമായി വിദ്യാഭ്യാസം ചുരുങ്ങിപ്പോകും. സമുദായ നേതൃത്വം ഈ വിഷയം ഗൗരവത്തിൽ കണ്ടില്ലെങ്കിൽ ഇസ്‌ലാമിക സംസ്കാരവും മുസ്‌ലിം അടയാളങ്ങളും അന്യംനിന്നു പോകുന്ന കാലം അനതിവിദൂരമല്ല. ●



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ഈസാ നബി عليه السلام: 10

ചരിത്രപഥം

# ഈസാ നബി عليه السلام യുടെ പുനരാഗമനം

**അ**ല്ലാഹുവിലേക്ക് ഉയർത്തപ്പെട്ട ഈസാ عليه السلام അന്ത്യനാളിനോട് അടുത്ത സമയത്ത് വീണ്ടും ഈ ലോകത്തേക്ക് തിരിച്ചു വരുന്നതാണ്. വിശുദ്ധ ക്വുർആൻ ആ കാര്യത്തിലേക്ക് സൂചന നൽകുന്നുണ്ട്:

"തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിയിപ്പാകുന്നു..." (43:61).

"വേദക്കാരിൽ ആരും തന്നെ അദ്ദേഹത്തിന്റെ (ഈസായുടെ) മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാവുകയില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ അദ്ദേഹം അവർക്കെതിരിൽ സാക്ഷിയാകുകയും ചെയ്യും" (4:159).

ഇമാം ബുഖാരി رحمه الله യെ പോലുള്ള പണ്ഡിതന്മാർ ഈസാ നബി عليه السلام അന്ത്യദിനത്തിന് മുമ്പായി വരുന്നമെന്നതിന് ഈ സൂക്തത്തെ തെളിവാക്കിയതായി കാണാം.

ഈസാ عليه السلام അന്ത്യദിനത്തിന് മുമ്പ് വരുമെന്നും ആ സമയത്ത് വേദക്കാരായ ജൂത-ക്രൈസ്തവർക്ക് സത്യം ബോധ്യപ്പെടുകയും അവർ അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുമെന്ന് അല്ലാഹു അറിയിക്കുകയാണ് ഈ സൂക്തത്തിലൂടെ. ഈ സൂക്തം ഈസാ عليه السلام മരണപ്പെട്ടിട്ടില്ല എന്നും വ്യക്തമാക്കുന്നുണ്ട്.



ഈസാ നബി عليه السلام രണ്ടാമത് വരുന്നതിനെ പറ്റി നബി ﷺ നമുക്ക് വിശദമായി പറഞ്ഞു തന്നിട്ടുണ്ട്. എവിടെയാണ് അദ്ദേഹം ഇറങ്ങുക, എപ്പോഴാണ് അദ്ദേഹം ഇറങ്ങുക എന്നെല്ലാം അദ്ദേഹം നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഇറങ്ങി വരുന്ന സമയത്തെ ശാരീരികമായ അവസ്ഥകൾ വരെ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. ദമസ്കസിന്റെ കിഴക്ക് ഭാഗത്തുള്ള വെള്ള മിനാരത്തിന്റെ സമീപത്തായിരിക്കും ഈസാ عليه السلام ഇറങ്ങുക.

ഗൂഗിളിൽ ആ സ്ഥലത്തെ പറ്റി തിരയുന്നവർക്ക് മനാറത്തുൽ ബയ്ദ്വാഅ് (വെള്ള മിനാരം) എന്ന് അറബിയിൽ എഴുതിയത് കാണാം. അതു തന്നെയാണോ ഹദീഥിൽ പറഞ്ഞത് എന്ന് ഉറപ്പിച്ച് പറയാൻ നമുക്ക് സാധ്യമല്ല, ചിലപ്പോൾ ആ കാലത്തേക്ക് വേറെ അവിടെ ഉണ്ടാകുമോ എന്നും നമുക്ക് അറിയില്ല. അല്ലാഹുവാണ് നന്നായി അറിയുന്നവൻ.

ഈസാ عليه السلام ഇറങ്ങിവരുമ്പോൾ രണ്ട് മലക്കുകളുടെ ചിറകുകളിൽ കൈ വെച്ച അവസ്ഥയായിരിക്കും. അദ്ദേഹത്തിന്റെ ചുമലുകൾക്കിടയിൽ കുങ്കുമ നിറത്തിലുള്ള -അല്ലെങ്കിൽ മഞ്ഞ നിറത്തിലുള്ള- രണ്ട് പുതപ്പും ഉണ്ടായിരിക്കും. തല താഴ്ത്തുമ്പോൾ വെള്ളം ഇറ്റി വീഴുകയും തല ഉയർത്തിയാൽ മുത്തുമണികളെ പോലെ തുള്ളികൾ ഇറ്റി വീഴുകയും ചെയ്യും. അതൊരു അത്ഭുതകരമായ പ്രത്യേകതയാണ്. തല നനഞ്ഞ അവസ്ഥയാകും എന്ന് നാം വിചാരിക്കരുത്. ഒത്ത ശരീര പ്രകൃതിയുള്ള, ചുവപ്പും വെളുപ്പും കലർന്ന സുന്ദര രൂപമായിരിക്കും ഈസാ നബി عليه السلامക്ക് ഉണ്ടാവുക.

ദജ്ജാലിന്റെ കുഴപ്പങ്ങൾ കാരണം വിശ്വാസികൾ പൊറുതിമുട്ടി നിൽക്കുന്ന സമയത്ത്, അവനെതിരിൽ പോരാടൽ മാത്രമാണ് വഴി എന്ന് മനസ്സിലാക്കി അതിന് തയ്യാറായി; സ്വുബ്ഹി നമസ്കാരത്തിന് അണികൾ ശരിപ്പെടുത്തുന്ന സമയത്ത്, അവരുടെ അന്നത്തെ ഇമാം വിശ്വാസികളെയും കൂട്ടി നമസ്കാരത്തിന് ഒരുങ്ങുന്ന വേളയിലായിരിക്കും ഈസാ നബി عليه السلام ഇറങ്ങി വരിക. ആ ഇമാമാണ് 'ഇമാം മഹ്ദി' എന്ന പേരിൽ അറിയപ്പെടുന്നത്. ഇമാം മഹ്ദി ഈസാ നബി عليه السلامയെ കാണുമ്പോൾ അദ്ദേഹത്തെ മാനിച്ച് അദ്ദേഹം ഇമാമായി നിൽക്കുവാൻ പുറകിലേക്ക് മാറി നിൽക്കും. അപ്പോൾ ഈസാ നബി عليه السلام ഇമാം മഹ്ദിയുടെ രണ്ട് ചുമലുകൾക്കിടയിൽ കൈ വെച്ച് അദ്ദേഹത്തോട് തന്നെ ഇമാമായി നിൽക്കാൻ പറയും. ഇമാം മഹ്ദി ഇമാമായി നിൽക്കും. ഈസാ നബി عليه السلام അദ്ദേഹത്തെ പിന്തുടരുകയും ചെയ്യും.

'എനിക്ക് ശേഷം ഒരു നബി വരാനില്ല' എന്ന നബിവചനത്തിന് എതിരല്ല ഈസാ നബി عليه السلامയുടെ ഈ വരവ്. കാരണം ഈസാ عليه السلام സ്വതന്ത്രനായ ഒരു നബിയായി ഇഞ്ചീലനുസരിച്ച് ജനങ്ങളെ വഴി നടത്താനല്ല വരുന്നത്. മറിച്ച് മുഹമ്മദ് നബി ﷺയുടെ ശരീഅത്തിലായി, അതനുസരിച്ച് നബിയെ പിന്തുടരുന്ന ആളായിട്ടാണ് വരുന്നത്. ദജ്ജാലിന്റെ കാലശേഷം ഈസാ عليه السلام ജനങ്ങളെ ഭരിക്കുന്നത് ക്വുർആനിന്റെയും മുഹമ്മദ് നബി ﷺയുടെ സുന്നത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. മുഹമ്മദ് നബി ﷺക്ക് ശേഷം ഈസാ നബി عليه السلام വരുന്നതിനെ പറ്റി പ്രമാണങ്ങൾ നമുക്ക് വ്യക്തമാക്കിത്തന്നിട്ടുള്ള കാര്യങ്ങളാണിത്.

ഈസാ عليه السلام വന്ന് കഴിഞ്ഞാൽ ആദ്യമായി ചെയ്യുക ദജ്ജാലിനെ കൊല്ലലാണ്. ദജ്ജാൽ അപ്പോഴേക്കും രാജ്യം മുഴുവനും സഞ്ചരിച്ച് കുഴപ്പങ്ങൾ സൃഷ്ടിച്ചിരിക്കും. പതിനായിരക്കണക്കിന് യഹൂദികൾ അവനെ പിന്തുടർന്നിരിക്കും. ധാരാളം സ്ത്രീകളും അവന്റെ പുറകിലുണ്ടായിരിക്കും.

ദജ്ജാൽ ഫലസ്തീനിലെ ഈലിയാ പർവതത്തിന്റെ അടുത്ത് ചെല്ലും. അവിടെയുള്ള മുസ്‌ലിംകളെ അവൻ ഉപരോധിക്കും. അങ്ങനെ അവിടെയുള്ള മുസ്‌ലിംകൾ അവനെതിരിൽ ഒരുമിക്കാൻ തയ്യാറാകും. ആ അവസരത്തിൽ ഈസാ عليه السلام അവരുടെ അടുത്തേക്ക് ചെല്ലും; എന്നിട്ട് ദജ്ജാലും അണികളും ഉള്ള ഭാഗത്തെ കവാടം തുറക്കാൻ വിശ്വാസികളോട് ആവശ്യപ്പെടും. വാതിൽ തുറക്കുമ്പോൾ അതിന്റെ സമീപത്ത് ദജ്ജാൽ ഇരിപ്പുണ്ടാകും. അവന്റെ കൂടെ യുദ്ധത്തിന് സജ്ജരായി വാളുകളേന്തി എഴുപതിനായിരം ജൂതന്മാരും ഉണ്ടാകും.

ഉപ്പ് വെള്ളത്തിൽ ലയിക്കുന്നത് പോലെ, ദജ്ജാൽ ഈസാ നബി عليه السلامയെ കാണുമ്പോഴേക്ക് തന്നെ ഉരുകിപ്പോകുന്നതാണ്. അവന്റെ ശക്തിയെല്ലാം ക്ഷയിക്കുന്നതാണ്. ഈസാ നബി عليه السلامക്ക് ആ സമയത്തെ ശ്വാസോച്ഛ്വാസത്തിന് പ്രത്യേക ഗന്ധമുണ്ടാകുമെന്നാണ് നബി ﷺ നമ്മെ പഠിപ്പിക്കുന്നത്. അതും ഒരു അ

ത്ഭുതമാണ്. അത് വിശ്വാസികൾക്ക് യാതൊരു പ്രയാസവും സൃഷ്ടിക്കുന്നതല്ല. അവിശ്വാസികൾ അത് ശ്വസിക്കുമ്പോഴേക്ക് നശിക്കുകയും ചെയ്യും.

ഞാൻ റബ്ബാണെന്ന് വാദിച്ച, സ്വർഗവും നരകവും എന്റെ അടുത്തുണ്ട്, ജീവിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ ഞാനാണ് എന്ന് വാദിച്ച ദജ്ജാൽ ദുർബലനാവും. അങ്ങനെ ദജ്ജാൽ പേടിച്ച് ഓടും. ഈസാﷷ അവനെ പിന്തുടരും. ഫലസ്തീനിലെ കിഴക്ക് ഭാഗത്തുള്ള 'ബാബുലുദ്ദ്' എന്ന സ്ഥലത്ത് വെച്ച് അവനെ കാണും. അവിടെ വെച്ച് ഈസാﷷ അവനെ കൊല്ലുകയും ചെയ്യും. അവനെ കൊന്നതിന് ശേഷം അവന്റെ രക്തം കുന്തത്തിൽ പുരണ്ടത് ജനങ്ങൾക്ക് കാണിക്കുകയും ചെയ്യും.

ദജ്ജാലിന്റെ കൂടെയുള്ള ജൂതപ്പട ശേഷം അഭയം തേടി ഓടിയൊളിച്ചിരിക്കും. മുസ്‌ലിംകളുടെ തകർച്ചക്ക് ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന ജൂതന്മാർ പരാജയപ്പെടുകയാണ്. നേതാവ് കൊല്ലപ്പെട്ടത് ജൂതന്മാർ കണ്ടു. അവർ എവിടെ മറഞ്ഞ് നിൽക്കാൻ ശ്രമിക്കുമ്പോഴും അവയെല്ലാം മുസ്‌ലിംകൾക്ക് പറഞ്ഞു കൊടുക്കും. 'ഓ അല്ലാഹുവിന്റെ അടിമേ...! എന്റെ പിന്നിൽ ഒരു യഹൂദിയിരിക്കുന്നു' എന്നിങ്ങനെ കല്ലും മരങ്ങളും എല്ലാം വിളിച്ചു പറയും. 'ഗർക്വദ്' മരം ഒഴികെ.

കല്ല്, മരം തുടങ്ങിയ വസ്തുക്കൾ സംസാരിക്കുന്നതിനെ അംഗീകരിക്കാൻ ചില മതയുക്തിവാദികൾക്ക് സാധിക്കുന്നില്ല. എന്നാൽ റസൂൽﷺ പറഞ്ഞ കാര്യത്തെ യഹൂദികൾ പോലും അംഗീകരിക്കുന്നുണ്ട്. അതിനാൽ തന്നെ യഹൂദികൾ ഇസ്രായേലിൽ ധാരാളമായി നട്ടുപിടിപ്പിക്കുന്ന വൃക്ഷമുണ്ടെങ്കിൽ അത് 'ഗർക്വദാണ്.' മുഹമ്മദ് നബിﷺയിൽ നിന്ന് സത്യം വ്യക്തമായി തിരിച്ചറിഞ്ഞിട്ടും അംഗീകരിക്കുവാൻ തയ്യാറാകാതെ നിഷേധം കാണിക്കുകയാണ് അവർ ചെയ്യുന്നത്.

ഈസാ നബിﷷയുടെ പുനരാഗമനത്തെക്കുറിച്ച് നബിﷺ നമുക്ക് മുന്നറിയിപ്പ് നൽകിയ ഓരോ കാര്യവും നമുക്ക് വിശ്വാസം വർധിപ്പിക്കുന്നതാകണം. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇ-മദ്രസ**
**മേൽനോട്ടം വഹിക്കുന്നവൻ ഭാഗം 2**
**മുജീബ് സലഫി**
13.05.19 തിങ്കൾ 07:10 AM, 06:05 PM

**റമളാൻ ദുറൂസ്**
**ലൈലത്തുൽ ഖദർ എന്ന്?**
**അവതരണം: മുഹമ്മദ് സ്വാദിഖ് മദീനി**
13.05.19 തിങ്കൾ 10:30 PM

**ടെലിക്വിസ്**
**അവധിക്കാല സ്പെഷ്യൽ ടെലിക്വിസ്, ഭാഗം: 2**
**അവതരണം: മുഹമ്മദ് ഷമീൽ**
14.05.19 ചൊവ്വ 09:25 PM, 16.05.19 വ്യാഴം 10:15 AM

**റമദാൻ പ്രഭാഷണം**
**ഖുർആൻ പാരായണം പുണ്യങ്ങൾ**
**അവതരണം: മുഹമ്മദ് അസ്‌ലം ബിൻ യൂസഫ്**
14.05.19 ചൊവ്വ 01:00 PM, 05:35 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ 123**
**നബി (സ)യുടെ ആരോഗ്യം, ഭാഗം: 6**
**അവതരണം: അബൂബക്കർ സലഫി**
16.05.19 വ്യാഴം 09:00 PM, 18.05.19 ശനി 09:30 AM

**വോയിസ് ഓഫ് ഹറം**
**മസ്ജിദുൽ ഹറമിലെ ജുമുഅ ഖുതുബയുടെ മലയാള വിവർത്തനം**
**അവതരണം: കുഞ്ഞിമുഹമ്മദ് മദനി**
18.05.19 ശനി 09:20 PM, 20.05.19 തിങ്കൾ 10:15 AM

**സവിശേഷം**
**മികവിന്റെ നിയമപാഠങ്ങൾ, ഭാഗം: 2**
**അവതരണം: അഡ്വ.ഫിറോസ് അലി**
**(Professor, IIT Madras)**
**മുഹമ്മദ് അജ്മൽ സി**
**(പീസ് റേഡിയോ പ്രതിനിധി)**
19.05.19 ഞായർ 09:25 PM, 21.05.19 ചൊവ്വ 10:15 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

മുഹമ്മദ് ശാഫി ഒറ്റപ്പാലം, ജാമിഅ അൽഹിന്ദ്
mail@nerpatham.com




# താങ്കൾ ക്വുർആൻ പഠിക്കുന്നുണ്ടോ?

വായിക്കുവാനും പഠിക്കുവാനും പ്രോത്സാഹനമേകിയാണ് വിശുദ്ധ ക്വുർആൻ അവതീർണമായിത്തുടങ്ങിയത് തന്നെ. പഠിക്കുവാനും പഠിപ്പിക്കുവാനും ഏറെ അർഹമായ ഗ്രന്ഥം ഈ ദൈവികഗ്രന്ഥം തന്നെ എന്നതിൽ സംശയമില്ല. വിശുദ്ധ ക്വുർആനിന്റെ പഠനത്തിന് വിവിധ മുഖങ്ങളുണ്ട്. അർഥമറിഞ്ഞ് കൊണ്ടുള്ള പഠനം, അവതരണ പശ്ചാത്തലം അന്വേഷിച്ചറിഞ്ഞുകൊണ്ടുള്ള പഠനം, വിവിധ വ്യാഖ്യാന ഗ്രന്ഥങ്ങൾ (തഫ്സീറുകൾ) അവലംബിച്ചുകൊണ്ടുള്ള ആഴത്തിലുള്ള പഠനം തുടങ്ങിയവ ഉദാഹരണം.

വിശുദ്ധ ക്വുർആൻ ഹൃദിസ്ഥമാക്കുന്ന പഠനം ഇവയിൽ നിന്നും ഏറെ വ്യത്യസ്തമാണ്. പല സന്ദർഭങ്ങളിലായി പലതും ഹൃദിസ്ഥമാക്കിയവരാണ് നമ്മൾ. ഗാനങ്ങൾ, കഥകൾ, മഹദ്വചനങ്ങൾ തുടങ്ങി ഒട്ടനേകം കാര്യങ്ങൾ. എന്നാൽ മറ്റു ഗ്രന്ഥങ്ങൾ മനഃപാഠമാക്കുന്നത് പോലെയല്ല വിശുദ്ധ ക്വുർആൻ മനഃപാഠമാക്കുന്നത്. ക്വുർആൻ മനഃപാഠമാക്കുകയും നന്നായി പാരായണം ചെയ്യുകയും ചെയ്യുന്ന വ്യക്തിക്ക് ഏറെ പ്രത്യേകതകൾ ഉണ്ട് എന്നത് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതാണ്. അത്തരം പ്രത്യേകതകളിൽ ചിലത് മാത്രം ഇവിടെ കുറിക്കുന്നു:

### നമസ്കാരത്തിന് നേതൃത്വം കൊടുക്കുവാൻ അർഹൻ

ഇസ്‌ലാമിന്റെ അടിസ്ഥാന കർമങ്ങളിൽ ഏറെ പ്രാധാന്യമുള്ള ഒന്നാണ് നമസ്കാരം. ഏറെ പവിത്രതയും സ്ഥാനവുമുള്ള നമസ്കാരത്തിന് നേതൃത്വം നൽകുക എന്നത് വളരെ ശ്രേഷ്ഠമായ കാര്യമാണ്. ആരെയാണ് നമസ്കാരത്തിന്റെ നേതൃത്വം നൽകാൻ നിയമിക്കേണ്ടതെന്ന് പ്രവാചകൻﷺ പഠിപ്പിച്ചിട്ടുണ്ട്.

അബൂമസ്ഊദ്ؓ പറയുന്നു; നബിﷺ പറഞ്ഞു: "ഏറ്റവും നന്നായി ക്വുർആൻ പാരായണം ചെയ്യുന്നവർ ജനങ്ങൾക്ക് ഇമാമായി നിൽക്കണം" (മുസ്‌ലിം).

### മറമാടുന്നിടത്ത് മുൻഗണന

യുദ്ധം പോലുള്ള ചില സന്ദർഭങ്ങളിൽ ധാരാളം മരണം സംഭവിക്കുമ്പോൾ ഒന്നിലധികം വിശ്വാസികളെ ഒരുമിച്ച് ഒരു ക്വബ്റിൽ മറമാടാറുണ്ട്. ആ സമയത്ത് അവരിൽ ആരെയാണ് ആദ്യമായി ക്വബ്റിലേക്ക് ഇറക്കേണ്ടത് എന്ന സംശയം സ്വാഭാവികമാണ്. നബിﷺ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്:

ജാബിറുബ്നു അബ്ദില്ലؓ നിവേദനം: "ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷികളായ രണ്ടാളുകളെ പ്രവാചകൻﷺ ഒരു വസ്ത്രത്തിൽ ഒരുമിച്ചുകൂട്ടി. ശേഷം പ്രവാചകൻﷺ ചോദിച്ചു: 'ഇവരിൽ ആരാണ് ക്വുർആൻ കൂടുതലായി പഠിച്ചിട്ടുള്ളത്?' അപ്പോൾ അവരിലൊരാളിലേക്ക് ചൂണ്ടിക്കാണിക്കപ്പെട്ടു. അദ്ദേഹത്തെയാണ് പ്രവാചകൻﷺ ആദ്യമായി ക്വബറിൽ വെച്ചത്" (ബുഖാരി).

### നേതൃത്വത്തിൽ ആദ്യപരിഗണന

ക്വുർആൻ അറിയുന്നവരെയാണ് സമൂഹത്തിന്റെ നേതൃത്വം ഏൽപിക്കേണ്ടത് എന്ന് ഇസ്‌ലാമിക ചരിത്രം നമ്മെ അറിയിക്കുന്നു. മക്കയിലെ അമീറായ ഉമർؓവിനെ നാഫിഅ്ബ്നു അബ്ദുൽ ഹാരിസ് അസ്ഫഹാനിൽ വെച്ച് കണ്ടുമുട്ടി. ഉമർؓ ചോദിച്ചു: 'താഴ്‌വരയുടെ ആളുകളുടെ (ബദവികളുടെ) നേതൃത്വം ആരെയാണ് ഏൽപിച്ചത്?' നാഫിഅ്ؓ പറഞ്ഞു: 'ഇബ്നു അബ്സയെ.' ഉമർؓ ചോദിച്ചു: 'ആരാണ് ഇബ്നു അബ്സ?' നാഫിഅ്ؓ പറഞ്ഞു: 'ഞങ്ങളുടെ അടിമകളിൽപെട്ട ഒരാളാണ്.' ഉമർؓ പറഞ്ഞു: 'ഒരു അടിമയെയാണോ അവർക്ക് നേതൃത്വം നൽകുന്നവനായി നിയമിച്ചത്?' നാഫിഅ്ؓ മറുപടി നൽകി: 'അദ്ദേഹം ക്വുർആൻ പഠിച്ചവനും അനന്തരാവകാശത്തിൽ ആഴത്തിലറിവുള്ളവനുമാണ്.' ഉമർؓ പറഞ്ഞു: 'തീർച്ചയായും നിങ്ങളുടെ പ്രവാചകൻﷺ പറഞ്ഞിരിക്കുന്നു; വിശുദ്ധ ക്വുർആനെ കൊണ്ട് അല്ലാഹു ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യും" (മുസ്‌ലിം).

### സ്വർഗത്തിൽ ഉന്നതസ്ഥാനം

സ്വർഗത്തിന് ഒട്ടേറെ പദവികൾ ഉണ്ട് എന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ അറിയിക്കുന്നുണ്ട്. സ്വർഗത്തിന്റെ പദവിയിൽ മുകളിലേക്ക് കയറുംതോറും സുഖാഡംഭരങ്ങൾ വർധിക്കുന്നു. വിശുദ്ധ ക്വുർആൻ മനഃപാഠമാക്കിയവന്റെ സ്ഥാനം എവിടെയാണെന്ന് നബിﷺ അറിയിക്കുന്നു:

അബ്ദുല്ലാഹ് ഇബ്നു അംറ്ؓ നിവേദനം; നബിﷺ പറഞ്ഞു: "ക്വുർആനിന്റെ അനുയായിയോട് പറയപ്പെടും: നീ ഇഹലോകത്ത് ക്വുർആൻ പാരായണം ചെയ്തത് പോലെ നീ പാരായണം ചെയ്യുക. സ്വർഗത്തിൽ നിന്റെ പദവി നീ ഓതുന്ന അവസാന ആയത്തിന്റെ സ്ഥാനത്താണ്" (തിർമിദി).

### പരലോകത്ത് മലക്കുകളോടൊപ്പം

പാരത്രിക ലോകത്തേക്ക് മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോൾ ഓരോരുത്തരും ഓരോ സമുദായത്തിനോടൊപ്പമാണുണ്ടാവുക. എന്നാൽ ക്വുർആൻ പഠിച്ചവൻ അല്ലാഹുവിന്റെ ഏറ്റവും അടുത്ത അടിമകളായ മലക്കുകളോടൊപ്പമായിരിക്കുമെന്ന് പ്രവാചകൻﷺ അറിയിച്ചതായി കാണാം:



ആഇശ(റ) നിവേദനം; നബി(സ) പറഞ്ഞു: "വിശുദ്ധ ക്വുർആൻ പഠിക്കുന്നവനും മനഃപാഠമാക്കുന്നവനും പുണ്യവാന്മാരായ മലക്കുകളോടൊപ്പമായിരിക്കും" (ബുഖാരി, മുസ്‌ലിം).

**ആഭരണവും കിരീടവും അണിയിക്കപ്പെടും**

കിരീടവും ആഭരണവും ഇഷ്ടപ്പെടാത്തവരായി ആരുമില്ല. എന്നാൽ പാരത്രിക ലോകത്ത് സർവ സൃഷ്ടികൾക്കും മുമ്പാകെ അല്ലാഹു ആഭരണവും കിരീടവും അണിയിക്കുക ക്വുർആൻ പഠിച്ചവരെയാണ്. അബൂഹുറയ്‌റ(റ) നിവേദനം: നബി(സ) പറഞ്ഞു: "പരലോകത്ത് വിശുദ്ധ ക്വുർആൻ കടന്ന് വരും. എന്നിട്ട് പറയും: 'എന്റെ രക്ഷിതാവേ, ഇദ്ദേഹത്തെ നീ അണിയിക്കുക.' തദവസരത്തിൽ പവിത്രമായ ഒരു കിരീടം അണിയിക്കും. വീണ്ടും ക്വുർആൻ പറയും: 'എന്റെ രക്ഷിതാവേ, അദ്ദേഹത്തിന് വർധിപ്പിച്ചു നൽകുക.' അപ്പോൾ അദ്ദേഹത്തെ മുന്തിയ ആഭരണങ്ങൾ അണിയിക്കും. ക്വുർആൻ ആവർത്തിച്ച് പറയും: 'എന്റെ രക്ഷിതാവേ, നീ അദ്ദേഹത്തെ തൃപ്തിപ്പെടുക.' അല്ലാഹു അദ്ദേഹത്തെ തൃപ്തിപ്പെടും. ശേഷം അദ്ദേഹത്തോട് പറയപ്പെടും: 'നീ പാരായണം ചെയ്ത് കയറിപ്പോവുക. ഓരോ ആയത്തിനും ഓരോ പദവി നിനക്കുണ്ട്" (തിർമിദി).

**ക്വുർആൻ ശുപാർശ ചെയ്യും**

ആരും സഹായത്തിനില്ലാത്ത പരലോകത്ത്, ക്വുർആൻ പഠിച്ചവർക്ക് ക്വുർആനിന്റെ ശുപാർശ ലഭിക്കുമെന്ന് തിരുവചനം നമ്മെ അറിയിക്കുന്നു:

അബൂഉമാമ അൽബാഹിലി(റ) പറഞ്ഞു: "റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: 'നിങ്ങൾ ക്വുർആൻ പാരായണം ചെയ്യുക. തീർച്ചയായും നാളെ നിങ്ങൾക്ക് ശുപാർശക്കായി അത് കടന്ന് വരും" (മുസ്‌ലിം, ബുഖാരി). ക്വുർആനിന്റെ ശുപാർശ ലഭിക്കണമെങ്കിൽ ക്വുർആൻ പഠിക്കുവാൻ നാം തയ്യാറാവണം.

**മാതാപിതാക്കളെ കിരീടമണിയിക്കും**

വിശുദ്ധ ക്വുർആൻ പഠിക്കുവാൻ വേണ്ടി മക്കളെ പറഞ്ഞയക്കലും പുണ്യകരമാണ്. ക്വുർആൻ പഠിച്ച ഒരുവന്റെ മാതാപിതാക്കൾക്ക് ലഭിക്കുന്ന സൗഭാഗ്യത്തെ സംബന്ധിച്ച് പ്രവാചകൻ(സ) പഠിപ്പിക്കുന്നുണ്ട്.

ബുറൈദ(റ) നിവേദനം; റസൂൽ(സ) പറഞ്ഞു: "ആര് ക്വുർആൻ പഠിക്കുകയും പാരായണം ചെയ്യുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുവോ അവന്റെ മാതാപിതാക്കൾക്ക് പരലോകത്ത് പ്രകാശത്താലുള്ള ഒരു കിരീടം അണിയിക്കപ്പെടും. ആ കിരീടത്തിന്റെ പ്രകാശം സൂര്യപ്രകാശത്തോട് തുല്യമാണ്. രണ്ട് ആഭരണങ്ങൾ അവരെ അണിയിക്കും. ദുനിയാവ് പോലും ആ ആഭരണത്തിന് സമമാവില്ല. ആ സന്ദർഭത്തിൽ അവർ ചോദിക്കും:'എന്തിനാണ് ഇത് ഞങ്ങളെ അണിയിച്ചത്?' അവരോട് പറയപ്പെടും: 'നിങ്ങളുടെ സന്താനത്തെ ക്വുർആൻ പഠിപ്പിച്ചതിനാൽ" (ഹാകിം).

പരലോകത്ത് ഉന്നതമായ ഈ നേട്ടങ്ങൾ കരസ്ഥമാക്കുവാൻ മാർഗം ഒന്ന് മാത്രം; ക്വുർആൻ പഠിക്കുക. ഇന്ന് ക്വുർആൻ പഠിക്കുവാൻ അനേകം മാർഗങ്ങളുണ്ട്. പരലോകത്ത് നമ്മുടെ ജയ-പരാജയം നിർണയിക്കപ്പെടുക ക്വുർആനുമായുള്ള നമ്മുടെ ബന്ധത്തിനനുസരിച്ചാണ്. ആകയാൽ മറ്റെന്തു പഠനത്തെക്കാളും പവിത്രതയും പുണ്യവും പ്രത്യേകതകയുമുള്ള ക്വുർആൻ പഠനത്തിനായി സമയം കണ്ടെത്താൻ നാം തയ്യാറാവുക. ●

**വായിക്കുവാനും പഠിക്കുവാനും പ്രോത്സാഹനമേകിയാണ് വിശുദ്ധ ക്വുർആൻ അവതീർണമായിത്തുടങ്ങിയത് തന്നെ. പഠിക്കുവാനും പഠിപ്പിക്കുവാനും ഏറെ അർഹമായ ഗ്രന്ഥം ഈ ദൈവികഗ്രന്ഥം തന്നെ എന്നതിൽ സംശയമില്ല. വിശുദ്ധ ക്വുർആനിന്റെ പഠനത്തിന് വിവിധ മുഖങ്ങളുണ്ട്. അർഥമറിഞ്ഞ് കൊണ്ടുള്ള പഠനം, അവതരണ പശ്ചാത്തലം അന്വേഷിച്ചറിഞ്ഞുകൊണ്ടുള്ള പഠനം, വിവിധ വ്യാഖ്യാന ഗ്രന്ഥങ്ങൾ അവലംബിച്ചുകൊണ്ടുള്ള ആഴത്തിലുള്ള പഠനം തുടങ്ങിയവ ഉദാഹരണം. വിശുദ്ധ ക്വുർആൻ ഹൃദിസ്ഥമാക്കുന്ന പഠനം ഇവയിൽ നിന്നും ഏറെ വ്യത്യസ്തമാണ്. പല സന്ദർഭങ്ങളിലായി പലതും ഹൃദിസ്ഥമാക്കിയവരാണ് നമ്മൾ. ഗാനങ്ങൾ, കഥകൾ, മഹദ്വചനങ്ങൾ തുടങ്ങി ഒട്ടനേകം കാര്യങ്ങൾ. എന്നാൽ മറ്റു ഗ്രന്ഥങ്ങൾ മനഃപാഠമാക്കുന്നത് പോലെയല്ല വിശുദ്ധ ക്വുർആൻ മനഃപാഠമാക്കുന്നത്. ക്വുർആൻ മനഃപാഠമാക്കുകയും നന്നായി പാരായണം ചെയ്യുകയും ചെയ്യുന്ന വ്യക്തിക്ക് ഏറെ പ്രത്യേകതകൾ ഉണ്ട് എന്നത് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതാണ്. അത്തരം പ്രത്യേകതകളിൽ ചിലത് മാത്രം ഇവിടെ കുറിക്കുന്നു:**

ലേഖനം

മുഹമ്മദ് നബിﷺ: 21

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com




# പ്രവാചകന്റെ പലായനം

**മു**ഹമ്മദ് നബിﷺ മദീനയിലേക്ക് പുറപ്പെടുകയാണ്. നബിﷺയുടെ അനുയായികൾ തങ്ങളുടെ സമ്പത്തും ശരീരവും കുടുംബവുമായി മദീനയിലേക്ക് പലായനം ചെയ്യുന്നതും അവർ മറ്റു രാജ്യങ്ങളിൽ വർധിച്ചുവരുന്നതും കണ്ടപ്പോൾ സത്യനിഷേധികൾക്ക് അപകടം മനസ്സിലായിത്തുടങ്ങി. മുഹമ്മദ് നബിﷺയും അവരിലേക്ക് പലായനം ചെയ്ത് പോകുമോ എന്നും അവർ ഭയപ്പെട്ടു. മുഹമ്മദും അനുയായികളും ഒന്നിച്ചുചേർന്ന് തങ്ങൾക്കെതിരെ യുദ്ധത്തിനു വരുമോ എന്നുള്ളതായിരുന്നു അവരുടെ ഭയം. ഇതിന്റെ ഭാഗമായി അവർ ദാറുന്നദ്‌വയിൽ ഒരുമിച്ചുകൂടി. ഖുസയ്യുബ്നു കിലാബിന്റെ വീടായിരുന്നു അത്. ക്വുറൈശികളുടെ ഏത് പ്രധാനപ്പെട്ട വിഷയവും ചർച്ച ചെയ്തിരുന്നത് ഇവിടെ വെച്ചുകൊണ്ടായിരുന്നു. കഅ്ബയുടെ വടക്കുഭാഗത്ത് ഹിജ്‌റിനു വിപരീത ദിശയിലായിരുന്നു ദാറുന്നദ്‌വ ഉണ്ടായിരുന്നത്. പ്രവാചകത്വത്തിന്റെ പതിനാലാം വർഷമാണ് (രണ്ടാം അക്വബ ഉടമ്പടി കഴിഞ്ഞ് മൂന്നുമാസത്തിനു ശേഷം) അവർ അവിടെ ഒരുമിച്ചു കൂടുന്നത്.

മുഹമ്മദ് നബിﷺയുടെ വിഷയത്തിൽ എന്തു ചെയ്യണമെന്ന് കൂടിയാലോചന നടത്താൻ വേണ്ടിയാണ് അവർ അവിടെ ഒരുമിച്ച് കൂടിയത്. ആ കൂട്ടത്തിൽ നജ്ദിൽ നിന്നുമുള്ള ഒരു ശൈഖിന്റെ രൂപത്തിൽ ഇബ്‌ലീസും ഹാജരായിരുന്നു! ക്വുറൈശികളിൽ പ്രമുഖന്മാരായും വലിയ ചിന്തയുടെ ഉടമകളായും കണക്കാക്കപ്പെട്ടിരുന്ന

ആരും തന്നെ ഇതിൽ നിന്നും ഒഴിവായിട്ടില്ല. ക്വുറൈശി പ്രമുഖരായ അബൂജഹൽ ഇബ്നു ഹിശാം, ഉത്ബ, ശൈബ(റബീഅയുടെ മക്കൾ), ത്വഈമതുബ്നു അദ്യ്, ജുബൈർ ഇബ്നു മുത്ഇം, നള്റുബ്നുൽ ഹാരിസ്, അബുൽ ബുഹ്തരി ഇബ്നു ഹിശാം, ഹകീം ഇബ്നു ഹിശാം, നബീഹ്, മുനബ്ബിഹ്(ഹജ്ജാജിന്റെ രണ്ടു മക്കൾ), ഉമയ്യത് ഇബ്നു ഖലഫ്... തുടങ്ങിയവരായിരുന്നു അതിലുണ്ടായിരുന്നത്. ക്വുറൈശികളിൽനിന്നല്ലാത്ത മറ്റു ചിലരും അതിലുണ്ടായിരുന്നു.

"അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവും കൊണ്ട്-എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി" (അസ്സ്വഫ്ഫ് 8,9).

കുഫ്റിന്റെയും വഴികേടിന്റെയും ആളുകൾ ഒരുമിച്ചുകൂടിയപ്പോൾ അവർ പരസ്പരം ഇപ്രകാരം പറഞ്ഞു: 'മുഹമ്മദ് ഇപ്പോൾ നിങ്ങൾ കാണുന്ന അവസ്ഥയിലേക്ക് എത്തിയിട്ടുണ്ട്. അല്ലാഹുവാണ് സത്യം! അവൻ നമുക്ക് എതിരെ ആക്രമണം അഴിച്ചുവിടാതിരിക്കുകയില്ല. അവന്റെ കാര്യത്തിൽ നാം ഒരിക്കലും നിർഭയരായി ഇരിക്കരുത്. അതുകൊണ്ട് അവന്റെ വിഷയത്തിൽ ഒരു നല്ല അഭിപ്രായത്തിലേക്ക് നമ്മൾ എത്തിച്ചേരേണ്ടതുണ്ട്.'

അങ്ങനെ അവർ പരസ്പരം ആലോചനകൾ നടത്തി, ചർച്ചകൾ ചെയ്തു. അവരിൽ ചിലർ പറഞ്ഞു: 'മുഹമ്മദിനെ ഇരുമ്പുകൊണ്ട് ബന്ധിക്കുകയും എന്നിട്ട് വാതിലടച്ച് ബന്ധിയാക്കി വയ്ക്കുകയും ചെയ്യുക. അങ്ങനെ മുമ്പ് കഴിഞ്ഞുപോയ ചില കവികളായ സുഹൈർ, നാബിഗ തുടങ്ങിയവർക്കു സംഭവിച്ച ദാരുണമായ മരണം മുഹമ്മദിനും ഉണ്ടാകട്ടെ.' ഇത് കേട്ട മാത്രയിൽ നജ്ദിൽ നിന്നും വന്ന ശൈഖ് (ഇബ്ലീസ്) ഇപ്രകാരം പറഞ്ഞു: 'ഇല്ല, ഒരിക്കലുമില്ല. ഇത് ഒരിക്കലും ഒരു നല്ല അഭിപ്രായവും അല്ല. നിങ്ങൾ പറയുന്നതുപോലെ അവനെ നിങ്ങൾ ബന്ധിച്ചു കഴിഞ്ഞാൽ എല്ലാ വിവരങ്ങളും അവനെക്കുറിച്ച് അവന്റെ അനുയായികൾക്ക് എത്തിച്ചേരുകയും അവർ ഒന്നിച്ചു വന്ന് നിങ്ങളുടെ കൈകളിൽ നിന്ന് അവനെ രക്ഷപ്പെടുത്തി കൊണ്ടുപോവുകയും ചെയ്തേക്കാം. അങ്ങനെ അവർക്ക് നിങ്ങൾക്കെതിരിൽ വിജയം നേടുവാനും സാധിക്കും. അതുകൊണ്ട് ഇത് ഒരു അഭിപ്രായമായി പരിഗണിച്ചു കൂടാ. അതിനാൽ ഒന്നുകൂടി ആലോചിച്ചു കൂടിയാലോചന നടത്തുക.'

അപ്പോൾ അവരിൽ ചിലർ പറഞ്ഞു: 'നമുക്ക് അവനെ നമ്മുടെ കൂട്ടത്തിൽ നിന്നും പുറത്താക്കാം; അവനെ നാടുകടത്താം. അങ്ങനെ അവൻ നമ്മിൽ നിന്നും പോയിക്കഴിഞ്ഞാൽ അവൻ എവിടെ പോയി എന്നോ അവന് എന്ത് സംഭവിച്ചു എന്നോ ഒന്നും നമ്മൾ അറിയേണ്ട ആവശ്യമില്ല. അതോടെ അവരുടെ പ്രശ്നങ്ങളിൽ നിന്ന് നമുക്ക് മോചനം നേടുവാനും സാധിക്കും.'

ഇത് കേട്ടപ്പോൾ നജ്ദിലെ ശൈഖ് പറഞ്ഞു: "ഇല്ല, അല്ലാഹുവാണ് സത്യം! ഇതും ഒരു നല്ല അഭിപ്രായമല്ല. ആ മുഹമ്മദിന്റെ നല്ല സംസാര ശൈലി നിങ്ങൾ കണ്ടിട്ടില്ലേ? അവന്റെ സംസാരത്തിലെ മാധുര്യം നിങ്ങൾ അനുഭവിച്ചിട്ടില്ലേ? അവൻ കൊണ്ടുവന്ന ആദർശത്തെ ജനങ്ങളുടെ ഹൃദയം സ്വീകരിച്ചതും നിങ്ങൾ കണ്ടിട്ടില്ലേ? അല്ലാഹുവാണ് സത്യം! ഇങ്ങനെ ചെയ്താൽ അറബികൾ എല്ലാവരും സംസാരവും കൊണ്ട് നിങ്ങൾക്കെതിരെ തിരിയുന്ന ഒരു സാഹചര്യം ഉണ്ടാകും. അങ്ങനെ അവർ ഒന്നിച്ചു നിങ്ങളുടെ നാട്ടിലേക്ക് വരികയും നിങ്ങളെ പരാജയപ്പെടുത്തുകയും നിങ്ങളുടെ കാര്യത്തിൽ അവരുടെ വിജയം നടപ്പിലാക്കുകയും ചെയ്യും. മറ്റൊരു അഭിപ്രായത്തെക്കുറിച്ച് ആലോചിക്കുക."

**മുഹമ്മദ് നബിﷺയുടെ വിഷയത്തിൽ എന്തു ചെയ്യണമെന്ന് കൂടിയാലോചന നടത്താൻ വേണ്ടി മക്കാ മുശ്രിക്കുകൾ ഒരുമിച്ച് കൂടി. ആ കൂട്ടത്തിൽ നജ്ദിൽ നിന്നുമുള്ള ഒരു ശൈഖിന്റെ രൂപത്തിൽ ഇബ്ലീസും ഹാജരായിരുന്നു! ക്വുറൈശികളിൽ പ്രമുഖന്മാരായും വലിയ ചിന്തയുടെ ഉടമകളായും കണക്കാക്കപ്പെട്ടിരുന്ന ആരും തന്നെ ഇതിൽ നിന്നും ഒഴിവായിട്ടില്ല. ക്വുറൈശി പ്രമുഖരായ അബൂജഹൽ ഇബ്നു ഹിശാം, ഉത്ബ, ശൈബ(റബീഅയുടെ മക്കൾ), ത്വഈമതുബ്നു അദ്യ്, ജുബൈർ ഇബ്നു മുത്ഇം, നള്റുബ്നുൽ ഹാരിസ്, അബുൽ ബുഹ്തരി ഇബ്നു ഹിശാം, ഹകീം ഇബ്നു ഹിശാം, നബീഹ്, മുനബ്ബിഹ്(ഹജ്ജാജിന്റെ രണ്ടു മക്കൾ), ഉമയ്യത് ഇബ്നു ഖലഫ്... തുടങ്ങിയവരായിരുന്നു അതിലുണ്ടായിരുന്നത്. ക്വുറൈശികളിൽനിന്നല്ലാത്ത മറ്റു ചിലരും അതിലുണ്ടായിരുന്നു.**

അപ്പോൾ അബൂജഹൽ ഇബ്നു ഹിശാം പറഞ്ഞു: “അല്ലാഹുവാണ് സത്യം! നിങ്ങൾക്ക് ആർക്കും തോന്നാത്ത ഒരു അഭിപ്രായം എനിക്ക് തോന്നുകയാണ്.” അവർ ചോദിച്ചു: “അല്ലയോ അബുൽഹകം, എന്താണത്?” അബൂജഹൽ പറഞ്ഞു: “നമ്മുടെ എല്ലാ ഗോത്രങ്ങളിൽ നിന്നും ആരോഗ്യവും ശേഷിയും ഉള്ള, ഒരു മധ്യമ പ്രായത്തിലുള്ള യുവാക്കളെ സ്വീകരിക്കുക. എല്ലാവരുടെയും കയ്യിൽ മൂർച്ചയേറിയ വാൾ കൊടുക്കുക. എന്നിട്ടവർ ഒരു വ്യക്തി എന്നത് പോലെ എല്ലാവരും ഒന്നിച്ച് മുഹമ്മദിനെ വെട്ടട്ടെ. അങ്ങനെ ചെയ്താൽ മുഹമ്മദിന്റെ രക്തത്തിൽ നമ്മൾ എല്ലാവരും പങ്കാളികളായി. അബ്ദുമനാഫ് ഗോത്രത്തിനാകട്ടെ നമ്മളോട് എല്ലാവരോടും ഒന്നിച്ച് യുദ്ധം ചെയ്യാൻ കഴിയാതെ വരികയും ചെയ്യും.” ഇത് കേട്ടപ്പോൾ നജ്ദിലെ ശൈഖ് പറഞ്ഞു: “ഈ വ്യക്തി പറഞ്ഞതാണ് ശരി. ഞാനും ഈ അഭിപ്രായമാണ് കാണുന്നത്. മറ്റൊരു അഭിപ്രായവും എനിക്കില്ല.” അങ്ങനെ ഈ അഭിപ്രായത്തിൽ എല്ലാവരും ഒന്നിക്കുകയും അവർ പിരിഞ്ഞു പോവുകയും ചെയ്തു.


ഈയൊരു യോജിപ്പോടുകൂടി മക്കയിലെ ക്വുറൈശികൾ ഇബ്‌ലീസിനോടൊപ്പം ലോക ചരിത്രത്തിൽ ശിർക്കെന്ന മഹാപാപത്തിന് ശേഷം ചെയ്യുന്ന മറ്റൊരു വലിയ പാപത്തിന് കളമൊരുക്കുകയായിരുന്നു. അതെ, മുഹമ്മദ് നബിയെ കൊലപ്പെടുത്തുക എന്ന ലക്ഷ്യത്തിന്!

മക്കാ മുശ്‌രിക്കുകളുടെ ഗൂഢാലോചന നടപ്പിലാക്കുന്ന സമയം വന്നപ്പോൾ ജിബ്‌രീൽ നബിﷺയുടെ അടുക്കലേക്ക് വന്നുകൊണ്ട് പറഞ്ഞു: “ഇന്നുരാത്രി താങ്കൾ താങ്കളുടെ വിരിപ്പിൽ ഉറങ്ങരുത്.” രാത്രിയായപ്പോൾ നബിﷺ അലിയ്യുബ്നു അബീത്വാലിബിؓനോട് തന്റെ വിരിപ്പിൽ കിടക്കാൻ പറഞ്ഞു. നബിﷺയുടെ സത്യസന്ധതയും വിശ്വസ്തതയും മാനിച്ചുകൊണ്ട് നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുന്ന വസ്തുക്കൾ ആളുകൾ മുഹമ്മദ് നബിﷺയുടെ കയ്യിലാണ് ഏൽപിക്കാറുള്ളത്. അതുകൊണ്ട് തന്നെ ജനങ്ങൾ ഏൽപിച്ച സൂക്ഷിപ്പ് സ്വത്തുക്കൾ ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കുവാനുള്ള ചുമതല നബിﷺ അലിؓയെ ഏൽപിച്ചു.

നബിﷺ ഉച്ചസമയത്ത് തന്റെ വീട്ടിൽ നിന്നും പുറപ്പെട്ടു. വിശുദ്ധ ക്വുർആനിലെ ഈ വചനം ഓതിക്കൊണ്ടായിരുന്നു നബിﷺ ഇറങ്ങിയത്:

“അവരുടെ മുമ്പിൽ ഒരു തടസ്സവും അവരുടെ പിന്നിൽ ഒരു തടസ്സവും നാം വെച്ചിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞു; അതിനാൽ അവർക്ക് കാണാൻ കഴിയില്ല” (യാസീൻ:9).

തന്റെ വീടിന്റെ മുമ്പിലിരിക്കുന്ന ആളുകൾക്ക് നേരെ ഒരുപിടി മണ്ണ് വാരി എറിഞ്ഞുകൊണ്ടാണ് നബിﷺ പുറപ്പെടുന്നത്. ശേഷം താനുദ്ദേശിച്ച സ്ഥലത്തേക്ക് പുറപ്പെട്ടു. അല്ലാഹു പറയുന്നു:




“നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക). അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ” (അൽഅൻഫാൽ: 30).

ശേഷം നബിﷺ അബൂബകർؓവിന്റെ വീട്ടിലേക്കു പോയി. അദ്ദേഹമാകട്ടെ നബിയോടൊപ്പം പോകുവാൻ കാത്തിരിക്കുകയായിരുന്നു. രണ്ടു വാഹനങ്ങൾ അദ്ദേഹം ഒരുക്കിവെച്ചിട്ടുണ്ടായിരുന്നു. ആഇശؓ പറയുന്നു: “ഞങ്ങൾ ഒരു ദിവസം അബൂബകറിന്റെ വീട്ടിൽ ഉച്ചസമയത്ത് ഇരിക്കുമ്പോൾ ആരോ വന്നു കൊണ്ട് പറഞ്ഞു: ‘മുഹമ്മദ് നബി ഇതാ വന്നിരിക്കുന്നു.’ നബിﷺ സാധാരണ ഞങ്ങളിലേക്ക് കടന്നുവരാത്ത സമയമായിരുന്നു അത്. അബൂബകർؓ പറഞ്ഞു: ‘എന്റെ ഉമ്മയും ഉപ്പയും അങ്ങേക്കു ദണ്ഡമാണ് പ്രവാചകരേ, താങ്കൾ ഈ സമയത്ത് തന്നെ കയറിവന്നതിൽ എന്തോ കാര്യമുണ്ടെന്നു തോന്നുന്നു.’ ആഇശؓ പറയുന്നു: ‘അങ്ങനെ നബിﷺ കടന്നുവന്ന് അനുവാദം ചോദിച്ചു. അദ്ദേഹത്തിന് അനുവാദം നൽക

പ്പെട്ടു. അകത്ത് പ്രവേശിച്ചു. എന്നിട്ട് അബൂബകറിനോട് പറഞ്ഞു: 'നിങ്ങളുടെ അടുക്കലുള്ളവരെയെല്ലാം മാറ്റി നിർത്തുക.' അപ്പോൾ അബൂബകർﷺ പറഞ്ഞു: 'അത് നിങ്ങളുടെ ഭാര്യയാണ് പ്രവാചകരേ, എന്റെ ഉപ്പ അങ്ങേയ്ക്ക് ദണ്ഡമാണ്.' നബിﷺ പറഞ്ഞു: 'എനിക്ക് ഹിജ്റ പോകുവാനുള്ള അനുമതി ലഭിച്ചിരിക്കുന്നു.' അബൂബകർﷺ ചോദിച്ചു:'പ്രവാചകരേ, ഞാനും അങ്ങയോടൊപ്പം ഉണ്ടോ?' നബിﷺ പറഞ്ഞു:'അതെ, ഉണ്ട്.' അപ്പോൾ അബൂബകർﷺ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഈ രണ്ടു വാഹനങ്ങളിൽ ഒരു വാഹനം നിങ്ങൾ എടുത്തുകൊള്ളുക.' നബിﷺ പറഞ്ഞു: 'അതിന്റെ വില തന്നുകൊണ്ട് എടുക്കാം.' ആഇശﷺ പറയുന്നു: 'അങ്ങനെ ഞങ്ങൾ അവർക്കുവേണ്ടി ഏറ്റവും നല്ല ഒരുക്കം ഒരുക്കിക്കൊടുത്തു. അവർക്ക് രണ്ടുപേർക്കും ഉള്ള പാഥേയം ഒരുക്കിക്കൊടുത്തു. അസ്മാഅ് തന്റെ പാവാടയുടെ വള്ളി കീറിയെടുത്ത് അതുകൊണ്ട് പാഥേയ പാത്രം കെട്ടിക്കൊടുത്തു.' അങ്ങനെയാണ് 'പാവാട വള്ളിക്കാരി' എന്ന പേര് അവർക്ക് ലഭിച്ചത്. ആഇശﷺ പറയുന്നു: 'ശേഷം അബൂബകറും പ്രവാചകനും പരസ്പരം കണ്ടുമുട്ടുന്നത് സൗർ മലയിൽ വെച്ചുകൊണ്ടാണ്. അവിടെ അവർ മൂന്ന് ദിവസത്തോളം ഒളിച്ചുകഴിഞ്ഞു. രാത്രിയായാൽ അബൂബകറിന്റെ മകൻ അബ്ദുല്ലയും അവരുടെ കൂടെ ഉണ്ടായിരുന്നു. ബുദ്ധിമാനായ ഒരു യുവാവായിരുന്നു അദ്ദേഹം. പാതിരാ സമയമാകുമ്പോൾ അദ്ദേഹം അവിടെ നിന്നും തിരിച്ചുപോരും. അങ്ങനെ ക്വുറൈശികളോടൊപ്പം നേരം പുലരുകയും ചെയ്യും. മുഹമ്മദ് നബിﷺയെ കുറിച്ചും അബൂബകറിനെﷺ കുറിച്ചും എന്തൊരു സംസാരം മക്കയിൽ നടന്നാലും അതെല്ലാം ശ്രദ്ധിച്ചുകേൾക്കുകയും അതേ രാത്രിയിൽ തന്നെ ആ വിഷയങ്ങൾ അവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു അദ്ദേഹം. അവർ നടക്കുന്ന വഴികളിലൂടെ കാൽപാദ അടയാളങ്ങൾ ഇല്ലാതെയാകുന്ന രൂപത്തിൽ അവർക്കുവേണ്ടി ആമിറുബ്നു ഫുഹൈറ തന്റെ ആടുകളെ മേയ്ച്ചു നടക്കുകയും ചെയ്തിരുന്നു. അബൂബകറിന്റെ ഭൃത്യനായിരുന്നു ആമിറുബ്നു ഫുഹൈറ. സൗർ മലയിൽ കഴിച്ചുകൂട്ടിയ മൂന്ന് ദിവസങ്ങളിലും ഇതേ പ്രകാരം ചെയ്തിരുന്നു. ബനൂ അബ്ദുബ്നു അദിയ്യിൽ നിന്നും തങ്ങൾക്ക് വഴി കാണിച്ചു തരുവാൻ വേണ്ടി ഒരാളെ അവർ വാടകക്ക് എടുക്കുകയും ചെയ്തിരുന്നു. മൂന്ന് ദിവസങ്ങൾക്കു ശേഷം സൗർ മലയിൽ എത്തിച്ചേരണമെന്നായിരുന്നു അദ്ദേഹത്തോടുണ്ടായിരുന്ന കരാർ. അങ്ങനെ തീരപ്രദേശത്തുള്ള വഴിയിലൂടെ അവർ യാത്ര പുറപ്പെടുകയായിരുന്നു"(ബുഖാരി: 3905).

മക്കയിലെ എല്ലാ സ്ഥലങ്ങളിലും ക്വുറൈശികൾ നബിﷺയെ അന്വേഷിച്ചു പുറപ്പെട്ടു. നബിയെ തിരഞ്ഞു പിടിക്കാൻ ആളുകളെ പറഞ്ഞയച്ചു. അദ്ദേഹത്തെ കണ്ടുപിടിച്ച് ജീവനോടെയോ അല്ലാതെയോ കൊണ്ടുവരുന്ന ആളുകൾക്ക് നൂറ് ഒട്ടകത്തോളം വില വരുന്ന വമ്പിച്ച സമ്മാനവും നിശ്ചയിച്ചു. അന്വേഷകൻമാർ പല സ്ഥലങ്ങളിലേക്കായി പുറപ്പെട്ടു. സൗർ ഗുഹയുടെ സമീപം വരെ അവർ എത്തി എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. പക്ഷേ, അല്ലാഹു തന്റെ കാര്യങ്ങളിൽ അതിജയിക്കുന്നവനാകുന്നു. സമീപം വരെ എത്തിയെങ്കിലും ആ ഗുഹയിലേക്ക് അവർ പ്രവേശിച്ചില്ല. ഒന്ന് നോക്കിയിരുന്നെങ്കിൽ പോലും പ്രവാചകനെ കണ്ടെത്തുവാൻ അവർക്ക് സാധിക്കുമായിരുന്നു. പക്ഷേ, എല്ലാ കേൾവിയും കാഴ്ചകളും ഉടമപ്പെടുത്തുന്ന അല്ലാഹു അവരെ അതിൽ നിന്നും തടഞ്ഞു. അബൂബകർﷺ പറഞ്ഞതായി അനസ് ബിൻ മാലികിﷺൽ നിന്ന് നിവേദനം: "ഞങ്ങൾ ഗുഹയിൽ ആയിരിക്കെ ഞങ്ങളുടെ തലക്കു മുകളിൽ മുശ്രിക്കുകളുടെ പാദങ്ങൾ ഞങ്ങൾ കണ്ടു. ഞാൻ പറഞ്ഞു: പ്രവാചകരേ, അവർ നോക്കിയാൽ നമ്മളെ കാണും. അപ്പോൾ പ്രവാചകൻ പറഞ്ഞു: അല്ലയോ അബൂബകർ! രണ്ട് ആളുകളെക്കുറിച്ച് എന്താണ് നീ മനസ്സിലാക്കിയിട്ടുള്ളത്? അവരിൽ മൂന്നാമത്തവൻ അല്ലാഹുവാണ്!" (ബുഖാരി: 3653, മുസ്‌ലിം: 2381).



ഈ സംഭവത്തെ ഉണർത്തിക്കൊണ്ട് വർഷങ്ങൾക്കു ശേഷം അല്ലാഹു ഇപ്രകാരം ആയത്ത് അവതരിപ്പിച്ചിട്ടുണ്ട്:

"നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബകറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട; തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (അത്തൗബ: 40).

മൂന്ന് ദിവസമാണ് നബിﷺയും അബൂബകറുംۓ സൗർ ഗുഹയിൽ താമസിച്ചത്. അങ്ങനെ അവരെക്കുറിച്ചുള്ള അന്വേഷണങ്ങൾ ശാന്തമായപ്പോൾ തങ്ങൾ നിശ്ചയിച്ച വഴികാട്ടിയോടൊപ്പം യമനിന്റെ ഭാഗം ലക്ഷ്യം വെച്ചു കൊണ്ട് (തെക്കു ഭാഗത്തേക്ക്) അവർ നീങ്ങി. സാധാരണ യാത്രക്കാർക്ക് പരിചയമില്ലാത്ത സ്ഥലത്തേക്ക് അവർ എത്തിയപ്പോൾ വടക്കു ഭാഗത്തേക്ക് നീങ്ങി. വളരെ വിരളമായി മാത്രം ആളുകൾ പ്രവേശിക്കാറുള്ള തീരപ്രദേശത്തിന്റെ സമീപത്ത് കൂടിയാണ് അവർ നടവഴി സ്വീകരിച്ചത്. ഖദീദ് പ്രദേശത്തുള്ള ഉമ്മുമഅ്ബദ് അൽഖുസാഇയ്യയുടെ താമസ സ്ഥലത്തിലൂടെ അവർ പോയി. പോകുന്ന വഴിയിൽ സുറാഖത് ഇബ്നു മാലിക് അവരെ കണ്ടുമുട്ടി. പക്ഷേ, അയാളിൽനിന്നും അല്ലാഹു അവരെ തടയുകയും അയാളുടെ ദോഷത്തിൽ നിന്ന് അല്ലാഹു അവരെ സംരക്ഷിക്കുകയും ചെയ്തു. ഇമാം ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീഥിൽ ഈ സംഭവം വിശദമായി കാണുവാൻ സാധിക്കും (ബുഖാരി: 3906, മുസ്‌ലിം: 2009).

അബൂബകർۓ പറയുന്നു: "ഞങ്ങൾ മക്കയിൽ നിന്നും പുറപ്പെട്ടു. ഏതാണ്ട് ഉച്ച സമയമായപ്പോൾ വിശ്രമിക്കുന്നതിനു വേണ്ടി വല്ല തണലുമുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. അപ്പോൾ ഞാൻ ഒരു പാറക്കല്ല് കണ്ടു. അവിടെ കുറച്ചു ഭാഗം തണലുണ്ടായിരുന്നു. ആ ഭാഗം ഞാൻ വൃത്തിയാക്കി നബിക്കുവേണ്ടി വിരിപ്പ് ഒരുക്കിക്കൊടുത്തു. എന്നിട്ട് ഞാൻ പറഞ്ഞു: 'പ്രവാചകരേ, കിടന്നു കൊള്ളുക.' അപ്പോൾ അദ്ദേഹം അവിടെ കിടന്നു. ശേഷം ഏതെങ്കിലും അന്വേഷകന്മാർ വരുന്നുണ്ടോ എന്നറിയാൻ ഞാൻ പുറപ്പെട്ടു. അപ്പോൾ അതാ ഒരു ആട്ടിടയൻ തന്റെ ആടുകളുമായി തണൽ തേടി ഇതേ പാറയുടെ സമീപത്തേക്ക് വരുന്നു. ഞാൻ അവനോടു ചോദിച്ചു: 'നീ ആരുടെ ജോലിക്കാരനാണ്?' ഖുറൈശികളിൽ പെട്ട ഒരാളുടേതാണ് എന്ന് അയാൾ മറുപടി പറഞ്ഞു. ആ ഖുറൈശിയുടെ പേര് പറഞ്ഞപ്പോൾ എനിക്ക് മനസ്സിലാവുകയും ചെയ്തു. ഞാൻ ചോദിച്ചു: 'ഈ ആടുകൾക്ക് പാലുണ്ടോ?' അയാൾ പറഞ്ഞു: 'ഉണ്ട്.' ഞാൻ ചോദിച്ചു: 'അൽപം പാൽ ഞങ്ങൾക്ക് തരുമോ?' തരാമെന്ന് ആ വ്യക്തി പറഞ്ഞു. അങ്ങനെ അയാൾ തന്റെ ആട്ടിൻ കൂട്ടത്തിൽ നിന്നും ഒരു ആടിനെ പിടിച്ചു. അകിടിൽ നിന്നും പൊടിതട്ടിക്കളയുവാൻ ഞാൻ അയാളോട് ആവശ്യപ്പെടുകയും ചെയ്തു. അതോടൊപ്പം തന്നെ തന്റെ രണ്ട് കൈകളും പൊടിതട്ടി വൃത്തിയാക്കുവാനും പറഞ്ഞു. അപ്പോൾ ആ വ്യക്തി തന്റെ ഒരു കൈ കൊണ്ട് മറുകയ്യിൽ അടിച്ചു കൈ കുടഞ്ഞു. എന്നിട്ട് കുറച്ച് പാൽ എനിക്ക് കറന്നു തന്നു. വായ് ഭാഗത്ത് ശീല കൊണ്ട് മൂടിക്കെട്ടിയ ഒരു പാത്രം നബിക്ക് വേണ്ടി ഞാൻ എടുത്തുവച്ചിരുന്നു. അതിലേക്ക് ഞാൻ പാൽ ഒഴിക്കുകയും അങ്ങനെ അതിന്റെ അടിഭാഗം തണുക്കുകയും ചെയ്തു. അതുകൊണ്ട് ഞാൻ നബിﷺയെ സമീപിച്ചപ്പോൾ നബി തന്റെ ഉറക്കിൽ നിന്നും ഉണർന്നിരുന്നു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഇത് കുടിച്ചു കൊള്ളുക.' അങ്ങനെ നബിﷺ പാല് കുടിച്ചു. എനിക്ക് ഏറെ തൃപ്തിയായി. ശേഷം ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, നമ്മുടെ യാത്രയുടെ സമയമായോ?' നബിﷺ പറഞ്ഞു:'അതെ, തീർച്ചയായും!' അങ്ങനെ ഞങ്ങൾ അവിടെ നിന്നു പുറപ്പെട്ടു. ഖുറൈശികളാകട്ടെ ഞങ്ങളെ അന്വേഷിച്ചു കൊണ്ടിരിക്കുകയായിരുന്നു" (ബുഖാരി: 3652).

നബിﷺ മദീനയിൽ എത്തുന്നതിനു മുമ്പ് വഴിയിൽ വെച്ച് മുസ്‌ലിംകളുടെ ഒരു യാത്രാ സംഘത്തോടൊപ്പം സുബൈറുബ്നുൽ അവ്വാമിനെ കണ്ടുമുട്ടി. ശാമിൽ നിന്നും മടങ്ങി വരുന്ന ഒരു കച്ചവട സംഘമായിരുന്നു അവർ. സുബൈർۓ നബിﷺയെയും അബൂബകർۓവിനെയും ഓരോ വെള്ള വസ്ത്രം ധരിപ്പിച്ചു. ●



# റമദാനിലെ നന്മയുടെ കവാടങ്ങൾ

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം

അനുഗൃഹീതവും മഹത്തരവും സൽകർമങ്ങൾക്ക് വർധിച്ച പ്രതിഫലം ലഭിക്കുന്നതുമായ മാസമാണ് വിശുദ്ധ റമദാൻ. വിശ്വാസികൾക്ക് പുണ്യങ്ങൾ വാരിക്കൂട്ടാനായി അല്ലാഹു അനുഗ്രഹിച്ചു നൽകിയ മാസം. വിശുദ്ധി നേടിയ മനസ്സുകൾക്ക് കുളിരും സന്തോഷവും കളിയാടാനായി ലോകരക്ഷിതാവിന്റെ ദാനം. വിശ്വാസികളായ നാം വിശുദ്ധ റമദാനിനെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. റമദാനിലെ നന്മയുടെ കവാടങ്ങൾ ഇതാ മലർക്കെ തുറന്നിട്ടിരിക്കുന്നു; അനുഗൃഹീതർക്ക് അതിൽ പ്രവേശിച്ച് സൗഭാഗ്യവാന്മാരായിത്തീരാൻ പരിശ്രമിക്കാം.

### ഉദ്ദേശം നന്നാക്കുക

അബൂഹുറയ്റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കുന്നതാണ്" (ബുഖാരി).

ഖബ്ബാബി ﷺ പറയുന്നു: “വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും (ഈമാനൻ വഹ്തിസാബൻ) എന്ന് പറഞ്ഞാൽ ദൃഢമായ ഉദ്ദേശത്തോടെ, സത്യപ്പെടുത്തി, പ്രതിഫലം ആഗ്രഹിച്ച്, സന്മനസ്സോടെ, ആരുടെയും നിർബന്ധത്തിലല്ലാതെ, ഒരു ഭാരമാണെന്ന മനോഭാവമില്ലാതെ, ദൈർഘ്യമുള്ള ദിവസമാണെന്ന തോന്നലില്ലാതെ, നോമ്പിന്റെ സമയം മുഴുവനും മഹത്തായ പ്രതിഫലം പ്രതീക്ഷിക്കുകയെന്ന് വിവക്ഷ.”

ബഗ്‌വി(റഹ്) പറയുന്നു: “(ഇഹ്തിസാബൻ) എന്നതുകൊണ്ട് ഉന്നതനായ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആവശ്യപ്പെടുകയെന്നാണ് ഉദ്ദേശിക്കുന്നത്” (സ്വഹീഹുത്തർഗീബ്, പേജ്: 582).

### ബിദ്അത്തുകൾ വെടിയുക

ആഇശ ﷺ നിവേദനം; അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: “നാം കൽപിച്ചതല്ലാത്ത വല്ല കർമവും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്” (മുസ്‌ലിം)

### രാത്രിനമസ്കാരം

അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ പറഞ്ഞു: “ആരെങ്കിലും വിശ്വാസത്തോടെ, പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് റമദാനിൽ ക്വിയാമുല്ലൈൽ നമസ്കരിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കുന്നതാണ്” (ബുഖാരി).

### ക്വുർആൻ പാരായണവും പഠനവും

“ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ’ (അൽബക്വറ: 185).

### ക്വുർആൻ പഠനം, ദാനധർമം

ഇബ്നു അബ്ബാസ് ﷺ നിവേദനം: “ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമം ചെയ്തിരുന്ന വ്യക്തി നബി ﷺ യായിരുന്നു. റമദാനിൽ ജിബ്‌രീൽ ﷺ തിരുമേനി ﷺ യെ കണ്ടുമുട്ടുമ്പോഴായിരുന്നു തിരുദൂതർ ഏറ്റവും കൂടുതൽ ദാനധർമം ചെയ്തിരുന്നത്. റമദാനിലെ എല്ലാ രാത്രികളിലും ജിബ്‌രീൽ ﷺ നബി ﷺ ക്ക് ക്വുർആൻ പഠിപ്പിച്ചിരുന്നു. നബി ﷺ അടിച്ചുവീശുന്ന കാറ്റിനെ പോലെ ദാനധർമം ചെയ്തിരുന്നു” (ബുഖാരി).

### നോമ്പും ക്വുർആനും ശുപാർശ ചെയ്യും

അബ്ദുല്ലാഹിബ്നു അംറ് ﷺ നിവേദനം; പ്രവാചകൻ ﷺ പറയുന്നു: “നോമ്പും ക്വുർആനും അടിമകൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: ‘എന്റെ രക്ഷിതാവേ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞിരുന്നു. ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ.’ ക്വുർആൻ പറയും: ‘രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു. ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ.’ അങ്ങനെ അവ രണ്ടും ശുപാർശ ചെയ്യുന്നതാണ്” (ഇമാം അഹ്മദ് ഉദ്ധരിച്ചതും ശൈഖ് അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചതുമായ ഹദീഥ്).

### നോമ്പു തുറപ്പിക്കൽ

സൈദ്ബ്നു ഖാലിദ് അൽ ജുഹനി ﷺ നിവേദനം; റസൂൽ ﷺ പറയുന്നു: “നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരന്റെ അത്ര തന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുമില്ല” (തിർമിദി, ഇബ്നുമാജ, അഹ്മദ്, ഇബ്നു ഹിബ്ബാൻ).

### അവസാനത്തെ പത്തിൽ കൂടുതൽ പരിശ്രമിക്കുക

ആഇശ ﷺ പറയുന്നു: “അവസാനത്തെ പത്ത് കടന്നുവന്നാൽ നബി ﷺ രാത്രിയെ ജീവിപ്പിക്കുകയും തന്റെ വീട്ടുകാരെ വിളിച്ചുണർത്തുകയും മുണ്ട് മുറുക്കിയുടുക്കു(ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നടത്തു)കയും ചെയ്യുമായിരുന്നു” (ബുഖാരി, മുസ്‌ലിം).

### ലൈലതുൽ ക്വദ്റിനെ പ്രതീക്ഷിക്കുക

ഉയെയ്നബ്നു അബ്ദുർറഹ്മാൻ ﷺ തന്റെ പിതാവിൽ നിന്നും: “ഞാൻ അബൂബകർ ﷺ വിന്റെ സാന്നിധ്യത്തിൽ ലൈലതുൽ ക്വദ്റിനെ സംബന്ധിച്ച് പറഞ്ഞു. അപ്പോൾ അബൂബകർ ﷺ പറഞ്ഞു: ‘അത് അവസാനപത്തിലെ ഒറ്റ രാവിലായിരിക്കും വരികയെന്ന് നബി ﷺ യിൽ നിന്ന് ഞാൻ കേട്ടു. അങ്ങനെ പ്രവാചകൻ ﷺ യിൽ നിന്ന് കേട്ടത് മുതൽ ഞാനതിനെ അവസാന പത്തിലല്ലാതെ അന്വേഷിക്കാറില്ല” (അഹ്മദ്).

### ലൈലതുൽ ക്വദ്റിലെ രാത്രിനമസ്കാരം

അബൂഹുറയ്റ ﷺ നിവേദനം; റസൂലുല്ലാഹ് ﷺ പറഞ്ഞു: “ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും ലൈലതുൽ ക്വദ്റിൽ ക്വിയാമുല്ലൈൽ നിർവഹിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തുകൊടുക്കപ്പെടുന്നതാണ്” (ബുഖാരി).

### ഉംറ നിർവഹിക്കൽ

ഇബ്നു അബ്ബാസ്ﷺ നിവേദനം; നബിﷺ പറഞ്ഞു: "റമദാനിലെ ഒരു ഉംറ ഹജ്ജിന് തുല്യമാകുന്നു" (ബുഖാരി, മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിൽ 'എന്നോടൊപ്പം ഹജ്ജ് ചെയ്യുന്നതു പോലെയാണ്' എന്നാണുള്ളത്.

### അവസാനത്തെ പത്തിൽ ഇഅ്തികാഫിരിക്കുക

ആഇശﷺ നിവേദനം: "നബിﷺ റമദാനിലെ അവസാനത്തെ പത്തിൽ-അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുന്നത്വരെ-ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു" (ബുഖാരി, മുസ്‌ലിം).

### അല്ലാഹുവിനെ ധാരാളമായി ഓർക്കുക

അല്ലാഹു പറയുന്നു: "...നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ജുമുഅ: 10).

അബൂഹുറയ്റﷺ നിവേദനം; റസൂലുല്ലാഹ്ﷺ പറഞ്ഞു: "മുഫ്‌രിദുകൾ മുൻകടന്നിരിക്കുന്നു." അവർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് മുഫ്‌രിദുകൾ?" നബിﷺ പറഞ്ഞു: "അല്ലാഹുവിനെ ധാരാളമായി ഓർക്കുന്ന പുരുഷന്മാരും സ്ത്രീകളും" (മുസ്‌ലിം).

### ധാരാളമായി പ്രാർഥിക്കുക

നബിﷺ പറഞ്ഞു: "പ്രാർഥന, അത് തന്നെയാണ് ആരാധന" (അബൂദാവൂദ്, തിർമിദി, ഹസനായ ഹദീഥ്).

അബൂഹുറയ്റﷺ നിവേദനം; റസൂലുല്ലാഹ്ﷺ പറഞ്ഞു: "മൂന്ന് പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്; നോമ്പുകാരന്റെ പ്രാർഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന എന്നിവയാണവ" (ബൈഹക്വി).

### സമയമായാൽ പെട്ടെന്ന് നോമ്പു തുറക്കുക

സഹ്‌ലുബ്നു സഅ്ദ് അസ്സാഇദിﷺ നിവേദനം; റസൂൽﷺ പറഞ്ഞു: "അത്താഴം കഴിക്കുന്നത് പിന്തിപ്പിക്കുകയും നോമ്പു തുറക്കാൻ ധൃതി കാണിക്കുകയും ചെയ്യുന്നേടത്തോളം ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും" (ബുഖാരി, മുസ്‌ലിം).

### അത്താഴം കഴിക്കുകയും അത് പിന്തിപ്പിക്കുകയും ചെയ്യുക

അബൂസഈദുൽ ഖുദ്‌രിﷺ നിവേദനം; റസൂലുല്ലാഹിﷺ പറഞ്ഞു: "അത്താഴം മുഴുവനും അനുഗൃഹീതമാണ്. അത് നിങ്ങൾ ഒഴിവാക്കരുത്. നിങ്ങളിലൊരാൾക്ക് ഒരു കവിൾ വെള്ളമാണ് സാധിക്കുന്നതെങ്കിൽ ഒരു കവിൾ വെള്ളമെങ്കിലും കഴിക്കുക. കാരണം ഉന്നതനും പ്രതാപവാനുമായ അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവർക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നുണ്ട്" (അഹ്മദ്).

### വിട്ട്‌വീഴ്ച ചെയ്യുക

നബിﷺ പറയുന്നു: "നിങ്ങളിലാരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ ചീത്ത പറയുകയോ, തിന്മ പ്രവർത്തിക്കുകയോ ചെയ്യരുത്. അവനെ ആരെങ്കിലും വഴക്കു പറയുകയോ അക്രമിക്കുകയോ ചെയ്യുകയാണെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ പറയട്ടെ" (ബുഖാരി, മുസ്‌ലിം).

### തിന്മകൾ വെടിയുക

നബിﷺ പറയുന്നു: "ഒരാൾ ചീത്ത വർത്തമാനങ്ങളും മ്ലേഛമായ പ്രവർത്തനങ്ങളും വെടിയാതെ ഭക്ഷണ പാനീയങ്ങൾ മാത്രം വെടിയുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി).

### നന്മകൾ അറിയിച്ചുകൊടുക്കുക

നബിﷺ പറഞ്ഞു: "ആരെങ്കിലും ഒരു നന്മ അറിയിച്ചു കൊടുക്കുകയാണെങ്കിൽ അവന് അത് ചെയ്യുന്നവന് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്."

റമദാൻ മാസം സമാഗതമാകുന്നതോടെ നബിﷺ അനുചരന്മാർക്ക് റമദാനിന്റെ ശ്രേഷ്ഠതയും പ്രത്യേകതയും വ്യക്തമാക്കിക്കൊടുക്കുകയും നന്മകൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും റമദാനിലെ സമയം മുഴുവനും പ്രയോജനപ്പെടുത്താൻ ഉണർത്തുകയും ചെയ്തിരുന്നു.

അബൂഹുറയ്റﷺ നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങൾക്ക് റമദാൻ മാസം സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസം; അതിൽ നോമ്പനുഷ്ഠിക്കൽ അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ ആകാശ കവാടങ്ങൾ തുറക്കപ്പെടുകയും നരകകവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ മാസത്തിൽ പിശാചുക്കളെ ബന്ധിക്കുകയും ചെയ്യുന്നതാണ്. അതിൽ അല്ലാഹു ആയിരം മാസത്തെക്കാൾ ഉത്തമമായ ഒരു രാവ് അനുഗ്രഹിച്ചിരിക്കുന്നു. ആരെങ്കിലും അതിന്റെ നന്മയെ സ്വയം നിഷിദ്ധമാക്കിയാൽ അവനത് നിഷിദ്ധമാക്കപ്പെടുന്നതാണ്" (നസാഈ).

**(അവസാനിച്ചില്ല)** ●

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 16**

**ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 10**



# ഇൽഫതുൽ ഇസ്‌ലാം: നവോത്ഥാനത്തിന്റെ ജീവശക്തി

**ലോ**കപ്രസിദ്ധ മുസ്‌ലിം പരിഷ്‌കർത്താക്കളായ ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ്യ, ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ്, സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി, ശൈഖ് മുഹമ്മദ് അബ്ദു, സയ്യിദ് റഷീദ് റിദ തുടങ്ങിയവരുടെ നവോത്ഥാന ചിന്തകൾ ഒരു നൂറ്റാണ്ടു മുമ്പത്തെ കേരളീയ മുസ്‌ലിം സമൂഹത്തിൽ അടങ്ങാത്ത അലയൊലികൾ തീർത്ത ചരിത്രപ്രധാനമായ ഒരു കാലഘട്ടത്തിലാണ് ഹമദാനി തങ്ങൾ 'ഇൽഫതുൽ ഇസ്‌ലാം' എന്ന വിശിഷ്ട ഗ്രന്ഥം രചിക്കുന്നത്. അന്നത്തെ കേരളത്തിലെ മുസ്‌ലിം ജനസാമാന്യം ത്വരീക്വത്തുകളുടെ കരാള ദ്രംഷ്ട്രങ്ങളിലമർന്ന്, കലഹപ്രിയരായി മാറി, വെളിച്ചമെന്തെന്നറിയാതെ ഇരുട്ടിനെ ബഹുമാനിച്ചു കഴിയുകയായിരുന്നു. റാത്തീബ് പുരകളും ദർഗകളും ഇസ്‌ലാമിന്റെ ആവാസകേന്ദ്രങ്ങളായി തെറ്റിദ്ധരിക്കപ്പെട്ടു. വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞുനിൽക്കൽ മുസ്‌ലിം സമുദായത്തിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരുന്നു. എന്നാൽ പ്രവിശാലമായ മുസ്‌ലിം ലോകത്തിൽ രണ്ട് വിഭാഗക്കാരെയാണ് ഇതേ സമയത്ത് പ്രധാനമായും കാണാൻ കഴിഞ്ഞിരുന്നത്.

ഒന്ന്: ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങളെക്കുറിച്ച് അജ്ഞരായ പാശ്ചാത്യാനുകർത്താക്കൾ.

രണ്ട്: കാലഘട്ടത്തിന്റെ ആവശ്യങ്ങൾ എന്ത്, പ്രശ്‌നങ്ങൾ എന്ത് എന്ന് തീരെ അറിഞ്ഞുകൂടാത്ത ഭൂതകാല പ്രേമികൾ.

ഈ ഒരു പ്രതിസന്ധിഘട്ടത്തിലാണ് ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടും പാശ്ചാത്യരിൽ നിന്ന് ഒട്ടും കടം എടുക്കാതെയുമുള്ള പരിഷ്‌കരണവുമായി ലോക മുസ്‌ലിം പരിഷ്‌കർത്താക്കൾ കടന്നുവരുന്നത്. മുസ്‌ലിം സമൂഹത്തിൽ നൂറ്റാണ്ടുകളായി അടിഞ്ഞുകൂടിയ ജ്ഞാനശാസ്ത്രാബദ്ധങ്ങളെയും വ്യാഖ്യാന വ്യതിയാനങ്ങളെയും അനാവശ്യമായ തർക്കവിതർക്കങ്ങളെയും വകഞ്ഞുമാറ്റി യഥാർഥ ഇസ്‌ലാമിനെ സുതരാം പ്രകാശിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു. മൗലിക സ്രോതസ്സുകളിൽ നിന്ന് നേരിട്ട് വെളിച്ചം കൊളുത്തിയെടുത്തുകൊണ്ട് മുൻഗാമികൾ എത്തിപ്പിടിച്ച അതേ ലക്ഷ്യങ്ങൾ പുതിയ ചരിത്ര സന്ദർഭങ്ങളിൽ ഇവരും എത്തിപ്പിടിക്കുകയുണ്ടായി. പണ്ഡിത കൂട്ടായ്മക്ക് രൂപം നൽകിയാണ് അവരിൽ ചിലർ മാറ്റത്തിന് വഴിമരുന്നിട്ടത്. ഒന്നിനെയും അവർ അന്ധമായി നിരാകരിച്ചില്ലെന്ന് മാത്രമല്ല, സ്വന്തമായി അനുകരിക്കുകയും ചെയ്തില്ല. പാശ്ചാത്യ ശാസ്ത്രങ്ങളിൽ നിന്നും സാങ്കേതിക വിദ്യകളിൽ നിന്നും സാമുദായിക അഭിവൃദ്ധിക്ക് ഉപയുക്തമായതെല്ലാം അവർ സ്വീകരിച്ചു.

സയ്യിദ് റഷീദ് രിദയുടെ വിഖ്യാത ക്വുർആൻ വ്യാഖ്യാനഗ്രന്ഥമായ തഫ്‌സീറുൽ മനാറും അദ്ദേഹത്തിന്റെ വിശ്രുതമായ 'അൽമനാർ' മാസികയും വായിച്ചുതള്ളുക മാത്രമല്ല ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ചെയ്തത്. ലോകമൊട്ടാകെ നടക്കുന്ന മുസ്‌ലിം സമുദായ പരിഷ്‌കരണ സംരംഭങ്ങളെയെല്ലാം നിഷ്പക്ഷമായ നിരീക്ഷണത്തിനും കൂലങ്കഷമായ അന്വേഷണത്തിനും വിധേയമാക്കിയ ഹമദാനി തങ്ങൾ പാശ്ചാത്യ ചിന്തകരുടെ ഇസ്‌ലാം വായനകളും ഏറെ ശ്രദ്ധിച്ചിരുന്നു. ലോകാംഗീകൃതമായ മുസ്‌ലിം പരിഷ്‌കരണ ദൗത്യങ്ങളുടെ സദ്ഫലങ്ങൾ സ്വാംശീകരിക്കുകയും കേരളീയ സാഹചര്യങ്ങൾക്കനുസൃതമായി അവയെ ക്രോഡീകരിക്കുകയുമാണ് തങ്ങൾ ചെയ്തത്. അക്കാര്യങ്ങളെല്ലാം പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ 'ഇൽഫതുൽ ഇസ്‌ലാം' എന്ന ചിന്തോദ്ദീപകമായ രചന ഒരർഥത്തിൽ കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ ഭരണഘടനയാണെന്ന് അത് വായിക്കുന്ന ആർക്കും ബോധ്യമാകും. കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ സംഘടിത രൂപത്തിന്റെ പിതാവായിരുന്ന ഇ.കെ.മൗലവിയെ ഹഠാദാകർഷിച്ച, ഗ്രന്ഥകാരനെക്കുറിച്ച് മതിപ്പ് വർധിപ്പിക്കാനിടയാക്കിയ, പിൽക്കാലത്ത് അദ്ദേഹത്തിന്റെ പരിഷ്‌കരണ സംരംഭങ്ങൾക്ക് വഴി തെളിയിച്ച അതേ ഗ്രന്ഥം.

**ഒന്നാവുക, നന്നാവുക**

ഗ്രന്ഥാരംഭത്തിൽ തന്നെ നൽകിയ വിശുദ്ധ ക്വുർആനിലെ മൂന്നാം അധ്യായമായ ആലുഇംറാനിലെ നൂറാം വചനത്തെ വിശദീകരിച്ചുകൊണ്ട് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ഇങ്ങനെ എഴുതി:

"ഈ ആയത്തിന്റെ[37] തർജമയും[38] തഫ്‌സീറും[39] എഴുതുന്നതിന്റെ മുമ്പ് 'ശഅ്നുന്നുസൂൽ' അഥവാ ആയത്ത് ഇറങ്ങുവാൻ കാരണം എന്താണെന്ന് വിവരിക്കുന്നത് അതി ഉത്തമമായിരിക്കും എന്ന് വിചാരിക്കുന്നു. എന്നാൽ കുതുബുസ്സിയറിലും[40] തഫ്‌സീറുകളിലും[41] എഴുതിയിരിക്കും പ്രകാരം മദീനത്തുൽ മുനവ്വറയിൽ യഹൂദികളെ കൂടാതെ ഔസ്-ഖസ്‌റജ് അല്ലെങ്കിൽ മറ്റൊരു പേരിൽ ബനൂബക്ർ, ബനൂതഗ്‌ലബ് എന്ന രണ്ടുകൂട്ടർ ഉണ്ടായിരുന്നു. അവർ തമ്മിൽ 120 വർഷത്തോളം സദാ കലഹങ്ങളും യുദ്ധങ്ങളും നടന്നുകൊണ്ടിരുന്നു. പരിശുദ്ധ മദീനയിൽ ആദ്യം ഇസ്‌ലാം ആയത്[42] ഈ രണ്ട് കൂട്ടർ തന്നെയാണ്. ദീനുൽ ഇസ്‌ലാമിന്റെ[43] നിഅ്മതും[44] സ്വുഹ്ബതുർറസൂലിന്റെ[45] ബറകതും[46] കൊണ്ട് അവർ ഇസ്‌ലാം ആയപ്പോൾ തന്നെ അവർ തമ്മിൽ മുമ്പ് ഉണ്ടായിരുന്ന വിരോധം (അദാവത്ത്) അവരെ വിട്ടുമാറി അവർ സ്നേഹത്തിലായി (മഹ

**ലോകമൊട്ടാകെ നടക്കുന്ന മുസ്‌ലിം സമുദായ പരിഷ്‌കരണ സംരംഭങ്ങളെയെല്ലാം നിഷ്പക്ഷമായ നിരീക്ഷണത്തിനും കൂലങ്കഷമായ അന്വേഷണത്തിനും വിധേയമാക്കിയ ഹമദാനി തങ്ങൾ പാശ്ചാത്യ ചിന്തകരുടെ ഇസ്‌ലാം വായനകളും ഏറെ ശ്രദ്ധിച്ചിരുന്നു. ലോകാംഗീകൃതമായ മുസ്‌ലിം പരിഷ്‌കരണ ദൗത്യങ്ങളുടെ സദ്ഫലങ്ങൾ സ്വാംശീകരിക്കുകയും കേരളീയ സാഹചര്യങ്ങൾക്കനുസൃതമായി അവയെ ക്രോഡീകരിക്കുകയുമാണ് തങ്ങൾ ചെയ്തത്. അക്കാര്യങ്ങളെല്ലാം പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ 'ഇൽഫതുൽ ഇസ്‌ലാം' എന്ന ചിന്തോദ്ദീപകമായ രചന ഒരർഥത്തിൽ കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ ഭരണഘടനയാണെന്ന് അത് വായിക്കുന്ന ആർക്കും ബോധ്യമാകും.**

ബ്ബത്ത്). മുൻ കഴിഞ്ഞ പകയുടെ യാതൊരു ലക്ഷണവും അവരിൽ ഉണ്ടായിരുന്നില്ല.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഈ രണ്ടു കൂട്ടരിൽ നിന്ന് ചിലർ വളരെ സന്തോഷത്തോടും സ്നേഹത്തോടും കൂടി ഒരു സ്ഥലത്ത് ഒരുമിച്ചുകൂടിയിരിക്കുന്ന അവസരത്തിൽ യഹൂദികളുടെ മൂപ്പന്മാരിൽ ഒരുവനും മുസ്‌ലിമീങ്ങളോടും റസൂലുല്ലാഹി[47] അവർകളോടും അതിവിരോധം ഉള്ളവനുമായ ശാസുബ്നു കൈസ് എന്നവൻ അവരുടെ അടുത്ത് കൂടി പോകുമ്പോൾ മുസ്‌ലിമീങ്ങളുടെ പരസ്പര സ്നേഹത്തെയും യോജിപ്പിനെയും കണ്ട് അവൻ വളരെ അസൂയയോടും പകയോടും കൂടെ യഹൂദികളിൽ ഒരു ബാലനെ വിളിച്ച് അവനോട് പറഞ്ഞു: 'ഔസ്, ഖസ്‌റജ് എന്ന ഈ രണ്ട് കൂട്ടരും വിശ്വസിച്ചു ഇസ്‌ലാമായപ്പോൾ തന്നെ അവരിൽ മുമ്പുണ്ടായിരുന്ന വഴക്കും പിണക്കവും നീങ്ങി അവർ തമ്മിൽ വളരെ യോജിപ്പിലും സ്നേഹത്തിലുമായിരിക്കുന്നു. ഇനി നമ്മുടെ ചതികളും അധികാരങ്ങളും അവരിൽ നടക്കുന്നതല്ല. ആയതുകൊണ്ട് നീ അവരുടെ കൂട്ടത്തിൽ ചെന്ന്കൂടി അവരിൽ മുമ്പ് കഴിഞ്ഞ യുദ്ധകഥകൾ പറഞ്ഞുകേൾപ്പിച്ചു പഴയ പിണക്കത്തെ ഓർമപ്പെടുത്തി രണ്ടാമതും കലഹത്തെ ഉണ്ടാക്കിത്തീർക്കണം.'

ആ യഹൂദി ഈ ബാലനോട് ചട്ടംകെട്ടിയതനുസരിച്ച് അവൻ അവരുടെ ഇടയിൽ കടന്ന് മുൻകഴിഞ്ഞ പല യുദ്ധ കഥകൾ പറഞ്ഞു കേൾപിച്ചു, എന്നുമാത്രമല്ല, ഈ രണ്ടു കൂട്ടരുടെയും ചില മഹാന്മാർ യുദ്ധ സന്ദർഭങ്ങളിൽ ചൊല്ലിയിട്ടുള്ള ചില ബൈത്തുകളും ചൊല്ലിക്കേൾപിച്ചപ്പോൾ അവർക്ക് പഴയ വിരോധവും കലഹങ്ങളും ഓർമ വന്ന് വീണ്ടും അവർ തമ്മിൽ കലഹിക്കാൻ ഒരുക്കമായി. ആയുധങ്ങൾ അണച്ച് ഇരുകൂട്ടരും യുദ്ധത്തിനായി ഒരുങ്ങിയപ്പോൾ അല്ലാഹു തആലാ ഈ ആയത്തിനെ റസൂലുല്ലാഹിﷺ അവർകൾക്ക് അറിയിച്ച് കൽപനാനുസരണം തങ്ങൾ[48] അസ്ഹാബുകളിൽ[49] ചിലരെയും കൂട്ടിക്കൊണ്ട് യുദ്ധത്തിന് ഒരുങ്ങിനിന്നവരുടെ അടുക്കൽ ചെന്ന് ആയത്ത് ഓതിക്കേൾപിച്ച് അവരോട് ഇപ്രകാരം ചോദിച്ചു:

'ഹേ! മുഅ്മിനീങ്ങളേ[51], നിങ്ങളെ ദീനുൽഇസ്‌ലാം കൊണ്ട് അനുഗ്രഹിച്ചിരിക്കുകയും ഞാൻ നിങ്ങളെ ഒരുമിച്ചുണ്ടായിരിക്കുകയും ചെയ്തിട്ട് കൂടി നിങ്ങൾ അജ്ഞതയും (ജഹ്ൽ, അറിവ്കേട്) വിരോധവും പറഞ്ഞു കലഹിക്കാൻ ഒരുങ്ങിപ്പുറപ്പെട്ടത് ന്യായമോ? ഒരിക്കലും ന്യായമല്ല. നിങ്ങൾ ദീനുൽ ഇസ്‌ലാമിനെ വിശ്വസിച്ച് മുഅ്മിനായപ്പോൾ[52] തന്നെ ഈമാൻ നിമിത്തം നിങ്ങളുടെ അന്ധവിശ്വാസത്തെയും (ജാഹിലിയ്യത്ത്) വിഡ്ഢിത്തത്തെയും(സഫാഹത്ത്) ദുഷ്ടതകളെയും നിങ്ങളിൽ നിന്ന് കേവലം നീക്കി നിങ്ങളിൽ അന്യോന്യം സ്നേഹത്തെയും വിനയത്തെയും(തവാദുഅ്) ജനിപ്പിച്ചു' എന്ന്

**ഒരു പ്രതിസന്ധിഘട്ടത്തിലാണ് ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടും പാശ്ചാത്യരിൽ നിന്ന് ഒട്ടും കടം എടുക്കാതെയുമുള്ള പരിഷ്കരണവുമായി ലോക മുസ്‌ലിം പരിഷ്കർത്താക്കൾ കടന്നുവരുന്നത്. മുസ്‌ലിം സമൂഹത്തിൽ നൂറ്റാണ്ടുകളായി അടിഞ്ഞുകൂടിയ ജ്ഞാനശാസ്ത്രാബദ്ധങ്ങളെയും വ്യാഖ്യാന വ്യതിയാനങ്ങളെയും അനാവശ്യമായ തർക്കവിതർക്കങ്ങളെയും വകഞ്ഞുമാറ്റി യഥാർഥ ഇസ്‌ലാമിനെ സുതരാം പ്രകാശിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു. മൗലിക സ്രോതസ്സുകളിൽ നിന്ന് നേരിട്ട് വെളിച്ചം കൊളുത്തിയെടുത്തുകൊണ്ട് മുൻഗാമികൾ എത്തിപ്പിടിച്ച അതേ ലക്ഷ്യങ്ങൾ പുതിയ ചരിത്ര സന്ദർഭങ്ങളിൽ ഇവരും എത്തിപ്പിടിക്കുകയുണ്ടായി.**

തങ്ങൾ[53] അവരോട് പറഞ്ഞ മാത്രയിൽ യുദ്ധത്തിനായി ഒരുങ്ങിപ്പുറപ്പെട്ടിരുന്ന രണ്ടു കൂട്ടരും ഉണർന്ന് അവരുടെ ആയുധങ്ങൾ കയ്യിൽ നിന്ന് എറിഞ്ഞുകളഞ്ഞുകൊണ്ട് വ്യസനസമേതം ഇങ്ങിനെ പരസ്പരം പറയുന്നവരായി:

'നമ്മൾ ഇസ്‌ലാം ദീനിൽ വിശ്വസിച്ച് മുസ്‌ലിമീങ്ങൾ ആയതിനുശേഷം തമ്മിൽ തന്നെ യുദ്ധത്തിനായി ഒരുങ്ങിയതായ ഈ ദുഷ്പ്രവൃത്തി പൈശാചികവും (ശൈത്വാനിയ്യത്ത്) നമ്മുടെ വിരോധികളായ യഹൂദികളുടെ ചതിയുമായിരുന്നു. ഇസ്‌ലാം നിയമാനുസരണം നമ്മൾ വിശ്വസിച്ചതിന് ശേഷം ഒരിക്കലും തമ്മിൽ പിണങ്ങാൻ മാർഗമില്ല'[54] എന്ന് പറഞ്ഞതോടുകൂടി പരസ്പരം അണച്ചുകൂട്ടി മുത്തിമണത്ത്[55] സ്നേഹപൂർവ്വം പിരിഞ്ഞു.

മേൽപ്പറഞ്ഞ ആയത്തും അതോടെ അടുത്ത മറ്റു ചില ആയത്തുകളും മുഅ്മിനീങ്ങൾ തമ്മിൽ അശേഷം പിണങ്ങാതെ എപ്പോഴും സ്നേഹത്തിലും യോജിപ്പിലും പരസ്പര സഹായത്തിലും തന്നെ കാലയാപനം ചെയ്യേണ്ടതാണെന്ന് ഉണർത്തുവാനായി അല്ലാഹു തആലാ അറിയിച്ചു തന്ന ആയത്ത് ആകുന്നു. ഇനി ഇതിന്റെ തർജമ പറയാം."[56]

**ലോകമൊട്ടാകെ നടക്കുന്ന മുസ്‌ലിം സമുദായ പരിഷ്‌കരണ സംരംഭങ്ങളെയെല്ലാം നിഷ്പക്ഷമായ നിരീക്ഷണത്തിനും കൂലങ്കഷമായ അന്വേഷണത്തിനും വിധേയമാക്കിയ ഹമദാനി തങ്ങൾ പാശ്ചാത്യ ചിന്തകരുടെ ഇസ്‌ലാം വായനകളും ഏറെ ശ്രദ്ധിച്ചിരുന്നു. ലോകാംഗീകൃതമായ മുസ്‌ലിം പരിഷ്‌കരണ ദൗത്യങ്ങളുടെ സദ്ഫലങ്ങൾ സ്വാംശീകരിക്കുകയും കേരളീയ സാഹചര്യങ്ങൾക്കനുസൃതമായി അവയെ ക്രോഡീകരിക്കുകയുമാണ് തങ്ങൾ ചെയ്തത്. അക്കാര്യങ്ങളെല്ലാം പ്രതിപാദിക്കുന്ന അദ്ദേഹത്തിന്റെ 'ഇൽഫതുൽ ഇസ്‌ലാം' എന്ന ചിന്തോദ്ദീപകമായ രചന ഒരർഥത്തിൽ കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ ഭരണഘടനയാണെന്ന് അത് വായിക്കുന്ന ആർക്കും ബോധ്യമാകും. കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ സംഘടിത രൂപത്തിന്റെ പിതാവായിരുന്ന ഇ.കെ.മൗലവിയെ ഹഠാദാകർഷിച്ച, ഗ്രന്ഥകാരനെക്കുറിച്ച് മതിപ്പ് വർധിപ്പിക്കാനിടയാക്കിയ, പിൽക്കാലത്ത് അദ്ദേഹത്തിന്റെ പരിഷ്‌കരണ സംരംഭങ്ങൾക്ക് വഴി തെളിയിച്ച അതേ ഗ്രന്ഥം.**

"തമ്മിൽ കാപട്യവും തർക്കവും ശത്രുതയും അവിശ്വാസികളുടെ സംസ്‌കാരവും ദുഷിച്ച അനാചാരങ്ങളും കടന്നുകൂടിയിരിക്കുന്നത് അതിശയവും വിഡ്ഢിത്തവും അജ്ഞതയും കുഫ്‌രിയ്യത്തിന്റെ മാർഗവും തന്നെ എന്നതിന് സംശയമില്ല. പ്രവാചകൻ മുഹമ്മദ് നബിﷺ പറഞ്ഞു: എനിക്ക് ശേഷം നിങ്ങൾ പരസ്പരം കഴുത്ത് വെട്ടുന്ന അവിശ്വാസികളായി മാറരുത്."[57] ഹദീഥ് പണ്ഡിതന്മാർ ഇതിനു നൽകിയ വിശദീകരണം ഇങ്ങനെയാണ്:

"അതായത് പരസ്പരം കൊല ചെയ്യുന്ന വിവിധ സംഘങ്ങളായാൽ ശത്രുത നിമിത്തം പരസ്പരം കൊല്ലുന്ന അവിശ്വാസികൾക്ക് സമാനമാകും."[58]

### വേദസാരമറിയാത്ത വേദാന്തികൾ

ഇന്നേക്ക് 103 വർഷം മുമ്പ് കേരള മുസ്‌ലിംകളുടെ മതപരമായ ശോചനീയ സ്ഥിതി ഹമദാനി തങ്ങൾ വിവരിക്കുന്നത് ഏവരുടെയും കണ്ണ് തുറപ്പിക്കുന്നതാണ്. വേദപ്രമാണമായ ക്വുർആനിനെ കൈവിട്ടതാണ് ദുരന്തകാരണമെന്ന് അദ്ദേഹം സമർഥിക്കുകയും ചെയ്യുന്നുണ്ട്:

"ഇക്കാലത്ത് നമ്മിൽ ചിലരുടെ സ്ഥിതി നിങ്ങൾ അൽപം ആലോചിച്ചു നോക്കണേ! അവർ ചില മസ്അലകളിൽ[59] തമ്മിൽ തർക്കിച്ചും കൊണ്ട് എന്തെല്ലാം ഗോഷ്ടികളാണ് കാണിക്കുന്നത്! ഗവൺമെന്റ് ഭരണം നമ്മിൽ സ്ഥിതി ചെയ്തിരുന്നില്ല എന്ന് വരുകിൽ പരസ്പര വിരോധം നിമിത്തം മറ്റെന്തെല്ലാം ചെയ്തുകളയുമായിരുന്നു?! ഇക്കാലത്തുള്ള ചില മഹാന്മാരിൽ പരസ്പര സ്നേഹത്തിന് പകരം ഹസദും[60] അദാവത്തും[61] സ്പർധയും ഭിന്നിപ്പും അല്ലയോ കടന്നുകൂടിയിരിക്കുന്നത്?! ഇവകൾക്ക് കാരണം അവർ നമ്മുടെ വേദാധാരമായ ക്വുർആനിനെ കൈവിട്ടുകൊണ്ട് തങ്ങളുടെ സ്വാഭിപ്രായങ്ങളെ മാത്രം പ്രധാനമാക്കി വെച്ചുകൊണ്ടിരിക്കുന്നതാണ്. എന്നാൽ ഈമാതിരിക്കാരുടെ അഭിപ്രായങ്ങൾ ബുദ്ധിപൂർവ്വമായ പാത്രാലോചനയും[62] കൂടാതെ തലയിൽ വഹിക്കുവാൻ പാമരജനങ്ങൾ ധാരാളമുണ്ട്. ഇത് ഇത്തരക്കാർക്ക് ഒരു വളമായിട്ടാണ് തീർന്നിരിക്കുന്നത്."[63]

"ആകയാൽ നാം എല്ലാവരും; (1) ക്വുർആനിനെയും ഹദീഥിനെയും എല്ലാ കാര്യങ്ങളിലും ആധാരമാക്കേണ്ടതും, (2) ക്വുർആനും ഹദീഥും പ്രത്യക്ഷത്തിൽ വാരിദായി കാണാത്ത സ്ഥലത്ത്,[64] മുജ്തഹിദുകളായ ഇമാമീങ്ങളുടെ,[65] അഭിപ്രായവും (മദ്ഹബ്), (3) അവരുടെ അഭിപ്രായങ്ങൾ തെളിയിച്ചു കണ്ടുകിട്ടാത്ത സ്ഥലത്ത്[65] മുഹക്വിക്വീങ്ങളായ ഉലമാക്കളുടെ[66] വിശ്വാസയോഗ്യമായ ക്വൗലുകളെയും[67] സ്വീകരിക്കേണ്ടത് അത്യാവശ്യമാണ് എന്ന് അൽപം ഓർമ വേണം."[68]

"അല്ലാഹു തആലായുടെ വിശുദ്ധ വാക്യങ്ങളായ ക്വുർആനിനോട് ഒത്തിരുന്നാൽ[69] നിശ്ചയമായും അവൻ ചൊവ്വായ മാർഗത്തിൽ (സ്വിറാതുൽ മുസ്തക്വീം) തന്നെയായിരിക്കുന്നതാണെന്ന് ചൂണ്ടിക്കാണിച്ചിരിക്കുകയാകുന്നു."[70]

ഭയഭക്തിയാണ് 'ഇൽഫതുൽ ഇസ്‌ലാമി'ന്റെ മറ്റൊരു പ്രധാന പ്രതിപാദ്യം. ഭക്തിമാർഗങ്ങളെന്ന പേരിട്ടുകൊണ്ട്, ദൈവം നിശ്ചയിക്കാത്ത മനുഷ്യത്വവിരുദ്ധമായ കാടൻ വഴികളിലലഞ്ഞിരുന്ന സമുദായമക്കളുടെ മുമ്പിൽ, ദൈവഭയം ഒരാളിൽ ഉണ്ടാകുന്നത് എങ്ങനെയെല്ലാമാണെന്ന് വളരെ ലളിതവും പ്രായോഗികവുമായി 'ഇൽഫതുൽ ഇസ്‌ലാം' എന്ന തന്റെ ഗ്രന്ഥത്തിന്റെ 15 മുതൽ 25 വരെയുള്ള താളുകളിൽ 'തക്‌വ-ഭയഭക്തി-വിശ്വാസം' എന്ന അധ്യായത്തിൽ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ വിശദീകരിച്ചിട്ടുള്ളത് പാമരനും പണ്ഡിതനും ഒരുപോലെ അവലംബിക്കാവുന്നതാണ്. ദൈവഭക്തിയുടെ നേട്ടങ്ങൾ ക്വുർആൻ, ഹദീഥ് പിൻബലത്തോടെ അതിൽ അദ്ദേഹം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്.

## ആധാര സൂചിക:

**കഴിഞ്ഞ ലക്കം:**

(1) ഓർമക്കുറിപ്പുകൾ (ആത്മകഥാഗ്രന്ഥം), കെ.മൊയ്തു മൗലവി കുറ്റ്യാടി, ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് (ഐ.പി.എച്ച്) കോഴിക്കോട്, രണ്ടാം പതിപ്പ്. ഡിസംബർ 2001,താൾ 91.

(2) വിശുദ്ധ ക്വുർആൻ, അധ്യായം 3 ആലുഇംറാൻ: വചനം 100. (3) താവഴി, പാരമ്പര്യം. (4) സ്‌തോത്രങ്ങൾ. (5) ഇസ്‌ലാമിക ജ്ഞാനശാസ്ത്രം. (6) ഇസ്‌ലാമിക വിശ്വാസദർശനം. (7) ത്വരീക്വത്ത് സന്യാസി സരണിയിലെ ഗുരുവിന്റെ ശിഷ്യൻ. (8) ഹൃദയങ്ങളുടെ. (9) പൂർണത. (10) മനസ്സുകളുടെ. (11) ദുര്യോഗങ്ങൾ. (12) ഗുണകാംക്ഷി. (13) വിജയം. (14) ക്വുർആനിലെയും പ്രവാചക ചര്യയിലെയും വിധികൾ അനുധാവനം ചെയ്യൽ. (15) മതാനുഷ്ഠാനങ്ങൾ. (16) പ്രപഞ്ചനാഥനെ. (17) വരികൾ വായിച്ചാൽ മനസ്സിലാകുന്ന ആശയമല്ല ഗ്രഹിക്കേണ്ടത്, ദിവ്യവചനങ്ങൾ ത്വരീക്വത്തിന്റെ പരിപ്രേക്ഷ്യത്തിൽ വ്യാഖ്യാനിക്കണം എന്ന പിഴച്ച വാദം. (18) പദങ്ങൾ. (19) അദ്വൈത സിദ്ധാന്തക്കാർ.

(20) മലയാളത്തിലെ ശൈഖന്മാരും ഇസ്‌ലാം സമുദായവും, ഇ.മൊയ്തു മൗലവി കോടഞ്ചേരി, വക്കം അബ്ദുൽ ക്വാദിർ മൗലവിയുടെ 'അൽ ഇസ്‌ലാം' മാസിക, പു.1, ല.2, 1336 റമദാൻ/1918 ജൂൺ.

(21) അതേ അവലംബം. (22) ഇടമുറിയലും. (23) ആരാധനകൾ

(24) മലയാളത്തിലെ ശൈഖന്മാരും ഇസ്‌ലാം സമുദായവും, ഇ.മൊയ്തു മൗലവി കോടഞ്ചേരി, വക്കം അബ്ദുൽ ക്വാദിർ മൗലവിയുടെ 'അൽ ഇസ്‌ലാം' മാസിക, പു.1, ല.2, 1336 റമദാൻ/1918 ജൂൺ.

(25) കാലം കഴിച്ചുകൂട്ടുക.

(26) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 1.

(27) അതേ അവലംബം, താൾ 1. (28) അതേ അവലംബം, താൾ 1. (29) അതേ അവലംബം, താൾ 1.

(30) ജാബിർ﷜വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം ദാറക്വുത്നി, അഹ്‌മദ്, ത്വബ്‌റാനി എന്നിവരുടെ ഹദീഥ് സമാഹാരഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചത്. പ്രബല ഹദീഥുകളുടെ സമാഹാരത്തിൽ ശൈഖ് അൽബാനി 1/712 ആയി ഉൾപ്പെടുത്തിയത്.

(31) രിഫാഅത്ത്ബ്നു റാഫിഅ്﷜വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം ബുഖാരി﷜യുടെ ഹദീഥ് സമാഹാരഗ്രന്ഥമായ 'അൽ അദബുൽ മുഫ്‌റദി'ൽ ഉദ്ധരിച്ചത്. അതിലെ പ്രബല ഹദീഥുകളുടെ സമാഹാരത്തിൽ ശൈഖ് അൽബാനി നമ്പർ 538 ആയി ഉൾപ്പെടുത്തിയത്.

(32) വിശുദ്ധ ക്വുർആൻ, അധ്യായം 25 അൽഫുർക്വാൻ. വചനം 74. (33) വിശുദ്ധ ക്വുർആൻ, അധ്യായം 2 അൽബക്വറ, വചനം 286.

(34) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ', ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 91.

(35) അതേ അവലംബം, താൾ 95. (36) അതേ അവലംബം, താൾ 92-94.

**ഈ ലക്കം:**

(37) ക്വുർആൻ വചനത്തിന്റെ.

(38) പരിഭാഷയും.

(39) വ്യാഖ്യാനവും.

(40) പ്രവാചക ചരിത്ര ഗ്രന്ഥങ്ങളിലും.

(41) വിശുദ്ധ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും.

(42) മുസ്‌ലിമായത്.

(43) ഇസ്‌ലാം മതത്തിന്റെ.

(44) അനുഗ്രഹവും. (45) പ്രവാചക സഹവാസത്തിന്റെ. (46) ആത്മീയാഭിവൃദ്ധിയും. (47) അല്ലാഹുവിന്റെ ദൂതൻ. (48) മുഹമ്മദ് നബി ﷺ. (49) അനുചരന്മാരിൽ. (51) വിശ്വാസികളേ. (52) വിശ്വാസികളായപ്പോൾ. (53) മുഹമ്മദ് നബി ﷺ. (54) പാടില്ല. (55) അറബികളുടെ വിവിധ രൂപത്തിലുള്ള സ്നേഹപ്രകടനങ്ങൾ.

(56) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 2-7.

(57) പ്രവാചകനുചരന്മാരായ ജരീർ﷜, അബ്ദുല്ലാഹിബ്നു അബ്ബാസ്﷜, അബ്ദുല്ലാഹിബ്നു ഉമർ﷜, അബൂബക്ർ﷜ എന്നിവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം ഹദീഥ് പണ്ഡിതന്മാരായ ബുഖാരി﷜, മുസ്‌ലിം﷜, നസാഈ﷜, ഇബ്നുമാജ﷜ എന്നിവരുടെ ഹദീഥ് സമാഹാരഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടത്.

(58) അതേ അവലംബം താൾ 10,11.

(59) മതവിധികളുമായി ബന്ധപ്പെട്ട് പ്രമാണങ്ങളിൽ നിന്നും മറ്റും അപഗ്രഥിച്ചെടുക്കുന്ന സൂക്ഷ്മ സ്വഭാവമുള്ള പ്രശ്നങ്ങൾ.

(60) അസൂയയും.

(61) ശത്രുതയും.

(62) സൂക്ഷ്മനിരീക്ഷണം

(63) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅത്തുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 10,11.

(64) നമ്മുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ക്വുർആൻ ഹദീഥ് വചനങ്ങൾ ഇല്ലെങ്കിൽ.

(65) ഗവേഷകന്മാരായി മുൻകാലത്ത് അറിയപ്പെട്ട പണ്ഡിത പടുക്കൾ.

(66) അവഗാഹമുള്ള പണ്ഡിതന്മാർ.

(67) അഭിപ്രായങ്ങളെയും.

(68) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 13,14.

(69) ഒരാളുടെ ജീവിതം ക്വുർആൻ അനുസരിച്ചാണെങ്കിൽ.

(70) 'അൽ ഇൽഫത്തുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 15.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# വ്രതകാല വഴിയോരക്കാഴ്ചകൾ

**ജോ**ലി കഴിഞ്ഞ് പതുക്കെ വാഹനമോടിച്ചാണ് നോമ്പുകാലത്ത് വീട്ടിലെത്താറ്. നോമ്പ് തുറക്കാൻ സമയമാകുന്നതിന്റെ മിനുട്ടുകൾക്ക് മുമ്പ് വീട്ടിലെത്താറുണ്ട്. അപൂർവം ചില ദിവസങ്ങളിൽ ഏതാനും മിനുട്ടുകൾ വൈകിയെത്താറുമുണ്ട്.

കടകളുടെ മുന്നിൽ മുമ്പോട്ട് തള്ളി കെട്ടിയുണ്ടാക്കിയ 'റമദാൻ എണ്ണപ്പലഹാര കൗണ്ടറുകൾ' നിറയെ കണ്ടാണ് മടക്കയാത്രയുടെ തുടക്കം. ഉന്തുവണ്ടികളിലും മേശകളിലും കുട്ടകൾ നിറയെ പലഹാരം നിറച്ച് കാത്ത് നിൽക്കുന്ന കച്ചവടക്കാർ വേറെയും. ഏതാനും വർഷങ്ങൾക്ക് മുമ്പ് പൂവട, പഴംപൊരി എന്നിത്യാദി നാടൻ വിഭവങ്ങളേ നാട്ടിൻപുറങ്ങളിൽ കാണാറുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് സമൂസ, കട്‌ലറ്റ് തുടങ്ങി നാനാവിധ വിഭവങ്ങളില്ലെങ്കിൽ നോമ്പ് തുറ ഇല്ല എന്ന അവസ്ഥയിലെത്തിയിരിക്കുന്നു. സീസണിൽ ലക്ഷങ്ങളുടെ സമൂസയുടെ മാത്രം വിറ്റുവരവുള്ള സ്ഥാപനങ്ങളുണ്ട്. നോമ്പുതുറ ഒരാഘോഷമാക്കി മാറ്റാറുള്ള ഒരു ജില്ലയിൽ 'സമൂസപ്പടി' എന്നൊരു പ്രദേശം തന്നെയുണ്ട് എന്നത് ശ്രദ്ധേയമാണ്.

വൈകുന്നേരത്തെ യാത്രയിൽ പാതയോരത്തെ വീടുകളിൽനിന്നുയരുന്ന മണം സത്യത്തിൽ വായിൽ വെള്ളം നിറക്കാറുണ്ട്. തരിക്കഞ്ഞി, ബീഫ് കറി, കോഴിക്കറി എന്നിവയുടെ മണം...! പുറമെ വിവിധ പലഹാരങ്ങൾ എണ്ണയിൽ പൊരിച്ചെടുക്കുമ്പോഴുണ്ടാകുന്ന സുഗന്ധം.

ചില വീടുകൾക്ക് മുമ്പിൽ നോമ്പുതുറ ഒരുക്കങ്ങൾ കാണാറുണ്ട്. വർണ വൈവിധ്യമാർന്ന പലവിധ പാനീയങ്ങൾ നിറച്ചുവെച്ച ഗ്ലാസുകൾ, പല നിറത്തിലുള്ള പഴങ്ങൾ ഒരേ നീളത്തിൽ ഭംഗിയായി മുറിച്ച് വെച്ച പാത്രങ്ങൾ. പൂമുഖങ്ങളിലും തണൽവീണ മുറ്റങ്ങളിലും ഈ തളികകൾ അതിഥികളെ കാത്തിരിക്കുന്നത് കാണുമ്പോൾ ഒരു വേള ആഗ്രഹിച്ച് പോകാറുണ്ട്, നമ്മളെയെങ്ങാനും ക്ഷണിച്ചിരുന്നുവെങ്കിലെന്ന്!

നോമ്പ് തുറക്കാൻ വിശ്വാസികൾ ധൃതിയിൽ ഇരുചക്ര, ബഹുചക്ര വാഹനങ്ങളിൽ ഒറ്റക്കും കൂട്ടായും കുടുംബത്തോടെയും പറക്കുന്ന കാഴ്ചകൾ കാണാറുണ്ട്. ആദ്യത്തെ പത്തിലാണീ കാഴ്ച കൂടുതൽ. നവദമ്പതികളുടെയും കുടുംബങ്ങളുടെയും ഇത്തരത്തിലെ യാത്ര അവരുടെ മുഖപ്രസന്നതയിൽ നിന്നും ഉൽസാഹത്തിൽ നിന്നും വേറിട്ടറിയാം.

ചെറിയ തോതിലെങ്കിലും എണ്ണപ്പലഹാരങ്ങൾ സ്വന്തം വീട്ടിലും വേണമെന്ന് എല്ലാവരുമിന്ന് ആഗ്രഹിക്കാറുണ്ട്. എന്നാൽ പുറത്ത് നിന്ന് വാങ്ങാനാണ് പല കുടുംബിനികൾക്കും താൽപര്യം. അധ്വാനം ലാഭം. ചെലവും കുറവ്. നോമ്പ് സ്പെഷ്യൽ പൊരിക്കടി കടകൾക്ക് മുമ്പിൽ ഇതരമതസ്ഥരുടെ തിരക്ക് രസകരമായ കാഴ്ചയാണ്. ആഘോഷത്തിനൊപ്പം പുതുമയുള്ള എണ്ണപ്പലഹാരങ്ങൾ ചൂടോടെ കിട്ടുമെന്നാണ് അവരുടെ പക്ഷം.

അയൽപക്കത്തും സ്ഥിര നോമ്പുതുറ കേന്ദ്രത്തിലും പതിവ് ക്ഷണമുണ്ടെങ്കിലും സ്വന്തം വീട്ടിൽ ലളിതമെങ്കിലും തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ഉള്ളത് സാവധാനം സമാധാനത്തോടെ, തിരക്കില്ലാതെ കഴിച്ചാലേ സംതൃപ്തി ലഭിക്കൂ എന്ന പക്ഷക്കാരും ഉണ്ട്. സ്ഥിരമായി പള്ളിയിൽ പോയി നോമ്പ് തുറക്കുന്നവരും ധാരാളം.

നോമ്പിനെ തീറ്റയുടെ മാസമാക്കി മാറ്റാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക എന്നാണ് പറയാനുള്ളത്. നോമ്പിന്റെ നാളുകളിൽ പ്രവാചക നിർദേശമനുസരിച്ച് ഭക്ഷണ പാനീയങ്ങൾ കഴിക്കുകയും ആരാധനകൾ അന്തസ്സത്ത കളയാതെ നിർവഹിക്കുകയും ചെയ്താൽ ആത്മീയവും ശാരീരികവുമായ നേട്ടം ഉറപ്പ്. എന്നാൽ ലക്കുംലഗാനുമില്ലാത്ത തീറ്റ നോമ്പിനെന്നല്ല അല്ലാത്തപ്പോഴും ശരീരത്തിന് ദോഷമേ വരുത്തിവെക്കൂ.




WISDOM




പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...

നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക


Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
18 MAY 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

# ഹദീസ് പാഠം

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80**

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |